നിയമ സംസ്കാര കേന്ദ്രത്തിന്റെ

നീതി

3.00 രൂ.

മനുഷ്യൻ മൃഗമാകുമ്പോൾ



ആസാമിലെ ചില ആദിവാസികൾ ഗുവാഹതിയിൽ നടത്തിയ പ്രകടനം അക്രമാസക്തമായപ്പോൾ നാട്ടുകാർ ആദിവാസികൾക്കെതിരെ നടത്തിയ നരനായാട്ട്.

129

ജനുവരി 2008

പത്രങ്ങളും നന്ദിഗ്രാമും

- സേവന്തി നൈനാൻ -

നന്ദിഗ്രാം ഒരു മാധ്യമകഥയായതെന്തുകൊണ്ടാണ്? കാരണം പലതാണ്. ഒന്നാമത്, മോഡിയുടെ ഗുജറാത്തിൽപോലും സംഭവസ്ഥലങ്ങൾ പത്രക്കാർക്ക് അപ്രാപ്യമായിരുന്നില്ല. നന്ദിഗ്രാമിൽ പത്രക്കാർ തടയപ്പെടുന്നു. നന്ദിഗ്രാം തിരിച്ചു പിടിക്കാൻ ശ്രമം നടക്കുന്നതോടൊപ്പം പത്രക്കാർക്ക് അങ്ങോട്ട് പ്രവേശനം തടഞ്ഞതായി ഇന്റർനാഷണൽ ജേർണലിസ്റ്റ് ഫെഡറേഷൻ ഒരു പ്രസ്താവനയിൽ പറയുന്നു. പത്രക്കാർക്ക് സ്വതന്ത്രമായി സഞ്ചരിക്കാൻ സൗകര്യവും സുരക്ഷിതത്വവുമുണ്ടാക്കണമെന്ന കൽക്കത്ത പ്രസ് ക്ലബ്ബിന്റെ ആവശ്യത്തെ അവർ പിൻതാങ്ങിയിട്ടുമുണ്ട്. നന്ദിഗ്രാമിൽ പ്രവേശിക്കാൻ പത്രക്കാർക്കും പൊതുപ്രവർത്തകർക്കും സംരക്ഷണം നൽകണമെന്ന് കൽക്കത്ത ഹൈക്കോടതി സംസ്ഥാന ഗവർമ്മേണ്ടിനോട് ആവശ്യപ്പെടുകയും ചെയ്തു.

രണ്ടാമത് നവമ്പർ 14-ാം തിയ്യതി "വർത്തമാനം" എന്ന പത്രത്തിന്റെ ലേഖകന്റെ ഒരു ചോദ്യത്തിന്ന് മുഖ്യമന്ത്രി നൽകിയ വൃത്തികെട്ട മറുപടിയുണ്ട്. സ്വതവേ ഗവർമ്മേണ്ടിന്ന് എതിരായൊരു പത്രമാണിത്. പത്രത്തിന്റെ കഴിഞ്ഞൊരു കൊല്ലത്തെ റിപ്പോർട്ടിങ് രീതിവച്ചുനോക്കുമ്പോൾ, മറ്റേതെങ്കിലും ഗവർമ്മേണ്ടായിരുന്നുവെങ്കിൽ പത്രത്തിന്നെതിരെ നടപടിയെടുക്കുമായിരുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. "പക്ഷെ ഒരു പെരുച്ചാഴിയെ കൊന്ന് എന്റെ കൈ വൃത്തികേടാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല" എന്ന് മുഖ്യമന്ത്രി തുടർന്ന് പറഞ്ഞു. കാര്യം ഇതാണ്. പത്രങ്ങളെ പരസ്യമായി തെറി പറയുന്നിടത്തോളം മുഖ്യമന്ത്രി എത്തിയിരിക്കുന്നു. ഇത് അസാധാരണമാണ്.

വളർന്നു വികസിക്കുന്ന വാർത്തകൾ പത്രക്കാർക്കും ഫോട്ടോഗ്രാഫർമാർക്കും സാധാരണയായി ഒരു വെല്ലുവിളിയായിരിക്കും. പ്രത്യേകിച്ചും ഒമ്പതുമാസത്തിലേറെ മൂപ്പുള്ള ഒരു സംഭവമാകുമ്പോൾ! എന്നാൽ നന്ദിഗ്രാമിൽനിന്നുള്ള വാർത്തകൾ വായനക്കാർക്കും പ്രേക്ഷകർക്കുമാണ് വെല്ലുവിളിയായത്. കാരണം മാധ്യമങ്ങൾ തീർത്തും ചേരിതിരിഞ്ഞിരുന്നു. ആരുപറയുന്നതാണ് വിശ്വസിക്കേണ്ടത്? നന്ദിഗ്രാമത്തിലെ അക്രമത്തിന്നുത്തരവാദി മാർക്സിസ്റ്റ് പാർട്ടിയാണെന്ന് ഇന്ത്യൻ എക്സ്പ്രസ്, ടൈംസ് ഓഫ് ഇന്ത്യ, ടെലഗ്രാഫ് തുടങ്ങിയ പത്രങ്ങൾ പറയുന്നു. അതോ ഹിന്ദു പറയുന്നതുപോലെ മാവോയിസ്റ്റുകളും തൃണമൂൽ കോൺഗ്രസ്സുമാണോ ഉത്തരവാദികൾ? അതോ ദൽഹിയിലെ പുതിയ പത്രമായ മെയിൽ ടുഡെ പറയുന്നതുപോലെ ഇരുകൂട്ടരും ഉത്തരവാദികളാണോ? ഇങ്ങനെയെല്ലാമാണെങ്കിൽ പത്രങ്ങൾ എന്തുകൊണ്ട് ബഹളം കൂട്ടുന്നില്ല? നന്ദിഗ്രാമിൽ കൊല്ലപ്പെട്ടവരിലധികവും മുസ്ലീമുകളാണെങ്കിൽ, എന്തുകൊണ്ട് അത് എടുത്തു പറയുന്നില്ല?

മാധ്യമങ്ങളിൽ രണ്ടെണ്ണം ദിവസേന നന്ദിഗ്രാം വാർത്തകൾ നൽകാറുണ്ട്. ഇന്ത്യൻ എക്സ്പ്രസ്സും സ്റ്റാർ ആനന്ദ എന്ന ടെലിവിഷൻ ചാനലുമാണീവിഷയം വിടാതെ ഏറ്റുപിടിച്ചിരുന്നത്. ഈ മാധ്യമങ്ങളും മേധാ പട്കർ മുതൽ മൃണാൾ സെൻ വരെയുള്ള പൊതു പ്രവർത്തകരും പറയുന്നത് ശരിയാണെങ്കിൽ, നന്ദിഗ്രാമിൽ എന്തോ കാര്യമായ തകരാറുണ്ട്. ഗുജറാത്തിലെ നരേന്ദ്ര മോഡിയെ രൂക്ഷമായി എതിർത്തുവരുന്ന മാധ്യമങ്ങൾ എന്തുകൊണ്ട് നന്ദിഗ്രാമിൽ മൗനം ദീക്ഷിക്കുന്നുവെന്ന് ചിലർ അരിശപ്പെടുന്നു. തെഹൽക എവിടെ എന്നാണവരുടെ ചോദ്യം.

വാസ്തവം അതല്ല. നന്ദിഗ്രാമിനെക്കുറിച്ച് പത്രങ്ങൾ രൂക്ഷമായി എഴുതായ്കയില്ല. പക്ഷെ ഗോധ്ര സംഭവത്തിന്നുശേഷം ഗുജറാത്തിലുണ്ടായ നരവേട്ടക്ക് ലഭിച്ച പ്രാധാന്യം നന്ദിഗ്രാമിന്ന് ലഭിച്ചില്ല എന്നതാണ് വാസ്തവം. ഗുജറാത്ത് കാര്യ

പേജ് 5

ജനനീതി

ജനുവരി 2008
129

പത്രാധിപർ:

ടി.വി. അച്ചുതവാരിയർ

പത്രാധിപസമിതി:

കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എസ്. മനോജ്കുമാർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
ജോർജ്ജ് പുലികുത്തിയിൽ

ജനനീതി
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

ബാഗാളും ഗുജറാത്തും: ഒരേ പ്രശ്നത്തിന്റെ രണ്ടു മുഖങ്ങൾ

ബംഗാളിലെ നന്ദിഗ്രാം മേഖലയിൽ ഏതാണ്ടൊരു കൊല്ലമായി നടന്നു വന്നിരുന്ന ജനകീയ സമരം അടിച്ചമർത്തപ്പെട്ടു. ഒരു ജനാധിപത്യ സംവിധാനത്തിൽ സംഭവിക്കാൻ പാടില്ലാത്തതെല്ലാമാണ് അവിടെ സംഭവിച്ചത്. തങ്ങളോട് വിയോജിക്കുന്നവരെ ആയുധ ശക്തി ഉപയോഗിച്ച് അമർച്ച ചെയ്യുക എന്ന ഫാസിസ്റ്റ് സമ്പ്രദായമാണ് നാം നന്ദിഗ്രാമിൽ കണ്ടത്.

തങ്ങൾക്ക് രാഷ്ട്രീയമായും ഭരണ പരമായും വീഴ്ച സംഭവിച്ചുവെന്ന് മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ അവസാനം ഏറ്റു പറഞ്ഞിട്ടുണ്ടെങ്കിലും അതിൽ ആത്മാർത്ഥതയുടെ കണിക പോലും കാണാനാവില്ല. കാരണം, അത്തരമൊരു കുറ്റ ബോധമുണ്ടായിരുന്നുവെങ്കിൽ, അതിന്ന് ഉപശാന്തിയുണ്ടാക്കാൻ അദ്ദേഹം ശ്രമിക്കുമായിരുന്നു. പക്ഷെ അദ്ദേഹം ഒന്നും ചെയ്തില്ല! നന്ദിഗ്രാമിൽ അതിക്രമങ്ങൾ കാണിച്ചവരിൽ ആരേയും അറസ്റ്റ് ചെയതില്ലെന്നല്ല, സി. ആർ.പി. ക്കാർ പിടികൂടി പോലീസിൽ ഏൽപ്പിച്ചവരെ വെറുതെ വിട്ടയക്കുകയും ചെയ്തു.

നന്ദിഗ്രാമിലെ സംഭവങ്ങളെ ഗുജറാത്തിലെ സംഭവങ്ങളുമായി താരതമ്യപ്പെടുത്തിയ മനുഷ്യാവകാശ കമ്മീഷന്റെ നടപടിയിൽ ബംഗാൾ ഗവർമ്മേണ്ട് പ്രതിഷേധിക്കുകയുണ്ടായി. വാസ്തവത്തിൽ ഇതിൽ പ്രതിഷേധിക്കത്തക്കതായി ട്ടൊന്നുമില്ല. രണ്ടും ഒരേ പ്രശ്നത്തിന്റെ– മനുഷ്യാവകാശധ്വംസനത്തിന്റെ – രണ്ടു മുഖങ്ങളാണ്, ഗൂജറാത്തിലേത് വർഗ്ഗീയമാണെങ്കിൽ ബംഗാളിലേതു രാഷ്ട്രീയമാണെന്ന വ്യത്യാസമേയുള്ളൂ. ഗുജറാത്തിലെ ക്രൂരമായ മനുഷ്യാവകാശ ധ്വംസനങ്ങൾ സംസ്ഥാന

വ്യാപകമായിരുന്നുവെങ്കിൽ, ബംഗാളിലേത് ഒരു ലോകസഭാ സീറ്റിന്റെ പരിധിയിൽ ഒതുങ്ങുന്നതായിരുന്നു. എന്നാൽ മറ്റൊരു കാര്യത്തിൽ ബംഗാൾ ഗുജറാത്തിനേയും കടത്തിവെട്ടി. ഗുജറാത്തിൽ വ്യാപകമായ തോതിൽ കൊള്ളയും കൊള്ളിവയ്പും കൂട്ടക്കൊലകളും നടന്നിട്ടും പത്രക്കാർക്ക് കൂച്ചുവിലങ്ങിടുകയുണ്ടായില്ല. എന്നാൽ നന്ദിഗ്രാമിനെ കീഴടക്കി അവിടെ സർവ്വത്ര പാർട്ടി പതാക ഉയർത്തുന്നതുവരെ പത്രക്കാർക്ക് അങ്ങോട്ട് പ്രവേശനം അനുവദിക്കുകയുണ്ടായില്ല.

ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം എന്തായിരുന്നുവെന്നതിനെപ്പറ്റി ഇപ്പോഴും ആരും ഒരു ചർച്ചയും നടത്തുന്നില്ലെന്നത് അത്ഭുതകരമല്ലേ? നന്ദിഗ്രാമിലെ മാർക്സിസ്റ്റ് പ്രവർത്തകരെ ജനങ്ങൾ തല്ലിയോടിക്കുകയും അവർ തിരിച്ചുവരുന്നതിനെ തടയുകയും ചെയ്തതോടെയാണ് നന്ദിഗ്രാം ഒരു പ്രശ്ന മായിത്തീർന്നത്. മാർക്സിസ്റ്റ് പ്രവർത്തകർ കഴിഞ്ഞ മാർച്ച് 14ന് പോലീസിന്റെ സഹായത്തോടെ നന്ദിഗ്രാമിലേക്ക് മടങ്ങാൻ നടത്തിയ ശ്രമത്തെ നാട്ടുകാർ ചെറുത്തപ്പോഴുണ്ടായ വെടിവെപ്പിലാണ് നാട്ടുകാരായ 14 പേർ മരിച്ചത്. മാർക്സിസ്റ്റ് പ്രവർത്തകരോട് ജനങ്ങൾക്കിത്ര വിരോധം തോന്നാൻ കാരണമെന്താണ്? തലേന്നാൾവരെ നല്ല അയൽപക്കക്കാരായി കഴിഞ്ഞിരുന്നവർ ഒരു ദിവസം പെട്ടെന്ന് പരസ്പരം കണ്ടു കൂടാത്തവരായിത്തീർന്നതെങ്ങനെയാണ്? മുതലാളിമാർക്ക് ഫാക്ടറി സ്ഥാപിക്കാൻ കൃഷിഭൂമി വിട്ടുകൊടുക്കാൻ വിസമ്മതിച്ച കർഷകരുടെ ഭൂമി മുഷ്ക്കുകാട്ടി പിടിച്ചെടുക്കാൻ ശ്രമിച്ചതല്ലേ ഈ കുഴപ്പങ്ങൾക്കെല്ലാം കാരണമായിത്തീർന്നത്? ഗുജറാത്തിൽ മുഖ്യമന്ത്രി മോഡി പോലീസുകാരെ മാറ്റിനിർത്തി വിശ്വഹിന്ദുക്കളെ കയറൂരി വിട്ടുവെങ്കിൽ ബംഗാളിൽ മുഖ്യമന്ത്രി ബുദ്ധദേവും പോലീസിനെ മാറ്റി നിർത്തി പാർട്ടിക്കാരെ കയറൂരിവിട്ടു. ഗുജറാത്തിൽ വിശ്വഹിന്ദുക്കൾ ചെയ്തതുപോലെത്തന്നെ നന്ദിഗ്രാമിൽ മാർക്സിസ്റ്റുകാരും കൊള്ളയും കൊള്ളിവയ്പും കൊലപാതകവും നടത്തി. ഗുജറാത്ത് കാര്യത്തിൽ അന്നത്തെ പ്രധാനമന്ത്രി വാജ്പേയി പേരിനൊരു ഖേദപ്രകടനം നടത്തി തടി ശുദ്ധമാക്കിയതുപോലെ നന്ദിഗ്രാം കാര്യത്തിൽ മുഖ്യമന്ത്രി ബുദ്ധദേവും പേരിനൊരു കുറ്റസമ്മതം നടത്തി. രണ്ടിലും ആത്മാർത്ഥതയുടെ കണിക പോലുമില്ല.

ആദർശ നിഷ്ഠയും പ്രത്യയശാസ്ത്രപരമായ പ്രതിബദ്ധതയുമാണ് ജനാധിപത്യത്തിന്റെ കാതൽ. അതിന്നു പകരം മുഷ്ക്കുകൊണ്ട് അധികാരത്തിലെത്തുതയും മുഷ്ക്കു കൊണ്ട് അധികാരം നിലനിർത്തുകയും ചെയ്യുമ്പോൾ ഫാസിസം അതിന്റെ തനി രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. ❑



പത്രങ്ങളും നന്ദിഗ്രാമും *(പേജ് 2-ൽനിന്നും തുടർച്ച)*

ത്തിൽ തെഹൽക നടത്തിയ രഹസ്യാന്വേഷണത്തിന്റെ ഫലം ഒരു കച്ചവട ടെലിവിഷൻ ചാനൽ വഴി സംപ്രേഷണം ചെയ്യപ്പെട്ടതിനാൽ, അത് കൂടുതൽ ശ്രദ്ധിക്കപ്പെട്ടു. എന്നാൽ നന്ദിഗ്രാം സംബന്ധിച്ച തെഹൽക റിപ്പോർട്ട് അത്ര ശ്രദ്ധിക്കപ്പെട്ടില്ല. "തകർത്ത് പിടിച്ചെടുക്കൽ" എന്ന പ്രധാന വാർത്തയിൽ, മാർക്സിസ്റ്റ് പാർട്ടി അതിന്റെ ഏറ്റവും പഴയ കോട്ട നിലനിർത്താനുള്ള വ്യത്തികെട്ട പോരാട്ടത്തിലേർപ്പെട്ടിരിക്കുകയാണെന്നു തെഹൽക പറയുന്നുണ്ട്. ഇതിന്നും പുറമെ വേറെ മൂന്നു നിശിത ലേഖനങ്ങൾകൂടി തെഹൽക പ്രസിദ്ധീകരിച്ചിട്ടുണ്ട്. നന്ദിഗ്രാമിലെ സംഭവങ്ങൾക്ക് ഉത്തരവാദികൾ മാർക്സിസ്റ്റ് പാർട്ടിയാണെന്ന് കൽക്കത്ത പത്രങ്ങളായ സ്റ്റേറ്റ്സ്മാനും ടെലഗ്രാഫും അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുമുണ്ട്. ടെലഗ്രാഫിൽ രുദ്രാംഗശു മുക്കർജി എഴുതിയ, മൂന്നു ഭാഗങ്ങളായി പ്രസിദ്ധീകരിച്ച, വിശകലനാത്മകമായ ലേഖനത്തിൽ കമ്യൂണിസ്റ്റുകാരുടെ അക്രമ പ്രവർത്തനങ്ങളെ മറ നീക്കി കാണിക്കുന്നു. എന്നാൽ നന്ദിഗ്രാം പ്രശ്നത്തിൽ ഉൾപ്പെട്ട മുസ്ലീം പ്രശ്നം ഇന്ത്യൻ എക്സ്പ്രസ്സ് ഒഴിച്ചാരും എടുത്തുകാണിച്ചിട്ടില്ല.



ഹൽദി നദിക്കും തൽപതി കനാലിന്നും ഇടക്കുള്ള മേഖലയാണ് നന്ദിഗ്രാം. തൽപതി കനാലിന്നും ദീഘക്കും ഇടക്കുള്ള ഖേജൂരി മാർക്സിസ്റ്റ് നിയന്ത്രണത്തിലുള്ള പ്രദേശം. നന്ദിഗ്രാമിന്റെ നേരെയുള്ള ആക്രമണത്തിന്ന് വിവിധ ജില്ലകളിൽനിന്ന് മാർക്സിസ്റ്റ് പ്രവർത്തകർ എത്തിയ മാർഗ്ഗം അസ്ത്രചിഹ്നമിട്ടു കാണിച്ചിരിക്കുന്നു.

നരേന്ദ്രമോഡി തന്റെ പ്രസംഗങ്ങളിൽ അക്രമത്തിന്ന് പ്രേരിപ്പിക്കുമ്പോൾ അതിന്മേൽ കയറിപ്പിടിച്ച് ബഹളമുണ്ടാക്കുന്ന മാധ്യമങ്ങൾ ബംഗാളിൽ വൃന്ദ കാരാട്ട് കൊല്ല്, കൊല്ല് എന്നു ആർത്തുവിളിച്ചാഹ്വാനം നൽകിയതിന്നൊരു പ്രാധാന്യവും കല്പിച്ചില്ലെന്നത് ശരിയാണ്. വൃന്ദ കാരാട്ടിന്റെ കലിതുള്ളൽ ബംഗാളി പത്രങ്ങൾ വിസ്തരിച്ചു റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നന്ദിഗ്രാം സംഭവങ്ങൾ ബ്ലോഗിൽ ധാരാളം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. മുഖ്യധാരാ മാധ്യമങ്ങൾ കാണിക്കുന്ന വൈമുഖ്യത്തെ പലതിലും രൂക്ഷമായി വിമർശിക്കുന്നു. ഡോക്യുമെന്ററി നിർമ്മാതാക്കൾ അവരുടെ വീഡിയോകൾ ––ട്യൂബിൽ കയറ്റുന്നു. ഫിലിം നിർമ്മാതാവായ അനിന്ദിതാ സർവ്വാധികാരി ഏഴുഭാഗങ്ങളുള്ള ഒന്നു തയ്യാറാക്കി കൊടുത്തിട്ടുണ്ട്. മറ്റുള്ളവർ കൽക്കത്ത ടി.വി., എൻ.ഡി ടി.വി., സി.എൻ.എൻ., ഐ.ബി.എൻ. എന്നിവയിലെ വാർത്തകൾ അതേപടി കയറ്റി വിടുകയാണ് ചെയ്തത്.

മുഖ്യധാരാ മാധ്യമങ്ങൾ സ്വന്തം കർത്തവ്യത്തിൽ പരാജയപ്പെടുമ്പോഴും, ഈ സമാന്തര ചാനലുകൾ വഴി സത്യം പുറത്തു വരുന്നു. (ദി ഹിന്ദു) ❑

നന്ദിഗ്രാമിലെ അടിയും കമ്യൂണിസ്റ്റ് തിരിച്ചടിയും

- ടി.വി. അച്ചുതവാരിയർ -

ഇംഗ്ലണ്ടിൽ നടക്കുന്നതെന്താണെന്ന് നമുക്കറിയാം; അമേരിക്കയിൽ നടക്കുന്നതും അറിയാം. എന്നാൽ ഉത്തരേന്ത്യയിൽ നടക്കുന്നതെന്താണെന്ന് നമുക്കറിയില്ല. ആഗോളവൽക്കരണം നമ്മെ എത്രമാത്രം ചെറുതാക്കിക്കളഞ്ഞിരിക്കുന്നു! ബംഗാളിലെ നന്ദിഗ്രാമിൽ ഒരു കൊല്ലമായി നടന്നുവരുന്ന സംഭവങ്ങളെക്കുറിച്ച് നമുക്കുള്ള അജ്ഞത അമ്പരപ്പിക്കുന്നത്ര വലുതാണ്. നമുക്കത് സമഗ്രമായൊന്ന് പരിശോധിക്കാം.

ഉദാരവൽക്കരണത്തിന്റേയും ആഗോളവൽക്കരണത്തിന്റേയും മത്ത് പിടിപ്പിക്കുന്ന കാറ്റ് ബംഗാളിലെ ഇടതുമുന്നണി ഗവർമ്മേണ്ടിനേയും പിടിച്ചുലച്ചിട്ടുണ്ട്. എന്തുബലികഴിച്ചും വ്യവസായ വൽക്കരണം എന്നതാണ് ഇന്നത്തെ മുദ്രാവാക്യം. അങ്ങനെ ഇന്ത്യയിൽ നുറുകണക്കിന് ''പ്രത്യേക സാമ്പത്തിക മേഖലകൾ'' രൂപം കൊണ്ടു. ബ്രിട്ടനും ഫ്രാൻസും പോർട്ടുഗല്ലും മറ്റും മൂന്നു നൂറ്റാണ്ടുകൾക്കുമുമ്പ് ഇന്ത്യയിൽ വ്യാപാരശാലകൾ സ്ഥാപിച്ചതിന്റെ പരിഷ്കൃത രൂപമെന്നു പറയാം.

അങ്ങനെ സിംഗൂരിൽ ടാറ്റാക്കൊരു കാർ ഫാക്ടറി സ്ഥാപിക്കാനായി ബംഗാൾ ഗവർമ്മേണ്ട് 1000 ഏക്കർ കൃഷിഭൂമി അക്വയർ ചെയ്തു കൊടുത്തു. ഇന്ത്യക്കാർക്ക് മണ്ണിനോടുള്ള മമത പറഞ്ഞറിയിക്കാനാകാത്തതാണ്. പൊന്നു കൊടുക്കാമെന്ന് പറഞ്ഞാലും മണ്ണുവിട്ടുകൊടുക്കാൻ ഒരു ഗതിയുണ്ടെങ്കിൽ ആരും തയ്യാറാവില്ല. അതുകൊണ്ടുതന്നെ കൃഷിഭൂമി അക്വയർ ചെയ്യുക അസാധ്യമാണ്. ഈ വിഷമം തരണം ചെയ്യാൻ ഗവർമ്മേണ്ട് ഒരു പദ്ധതി ആസൂത്രണം ചെയ്തു. വ്യവസായശാല സ്ഥാപിക്കാനായി കർഷകർ സ്വയമേവ ഭൂമി വിട്ടുകൊടുക്കുക എന്നതാണത്. ഇതിന്നായി പാർട്ടി പ്രവർത്തകരെ രംഗത്തിറക്കി. പ്രവർത്തകർ സംഘം ചേർന്ന് ഓരോ ഭൂവുടമകളേയും സന്ദർശിച്ച് സമ്മതപത്രത്തിൽ ഒപ്പിടുവിക്കുകയാണ് പതിവ്. കമ്യൂണിസ്റ്റുകാരുടെ മുഷ്ക്കിന്നുമുന്നിൽ ഏതാണ്ടെല്ലാ കർഷകരും മുട്ടുകുത്തി. നല്ല പിൻബലമുള്ള അല്പം ചിലരൊഴിച്ച് എല്ലാവരും ഭൂമി വിട്ടുകൊടുത്തു. കർഷകരുടെ കണ്ണീർ വീണു കുതിർന്ന ആ ഭൂമിയിൽ ടാറ്റായുടെ ഫാക്ടറിയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണിപ്പോൾ.

അങ്ങനെ സിംഗൂർ പ്രശ്നത്തിന്ന് ഒരു വിധത്തിൽ പരിഹാരം കണ്ടു കഴിഞ്ഞപ്പോഴാണ് നന്ദിഗ്രാമിലെ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച വിജ്ഞാപനം വന്നത്. ഇൻഡോനേഷ്യയിലെ ഒരു മുതലാളി സ്ഥാപിക്കുന്ന കെമിക്കൽ ഫാക്ടറിക്കാണ് നന്ദിഗ്രാം അക്വയർ ചെയ്യാൻ തീരുമാനിച്ചത്. സ്വാഭാവികമായും ജനങ്ങൾ എതിർത്തു. മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകർ അവരുടെ മുഷ്ക്കുമായി രംഗത്തിറങ്ങി. കഴിഞ്ഞ ജനുവരി മൂന്നാം തിയ്യതി കർഷകരും കമ്യൂണിസ്റ്റുകാരും തമ്മിൽ ഏറ്റുമുട്ടി. ടാറ്റാക്കുവേണ്ടി സിംഗൂരിൽ ഭൂമിപിടിച്ചെടുത്ത രീതി നന്ദി ഗ്രാമിലെ കർഷകർക്കറിയാമായിരുന്നതിനാൽ അവർ കമ്യൂണിസ്റ്റുകാരെ നേരിട്ടു. തുടർന്ന് ജനുവരി ആറാം തിയ്യതി ഉഗ്രമായൊരു ഏറ്റുമുട്ടൽ നടന്നു. തങ്ങളുടെ ഏറ്റവും വലിയ ശത്രു കമ്യൂണിസ്റ്റുകാരാണെന്നു മനസ്സിലാക്കിയ കർഷകർ സംഘടിച്ച് നന്ദിഗ്രാ

മിലെ കമ്യൂണിസ്റ്റുകാരെ ആട്ടിയോടിക്കാൻ തുടങ്ങി. രണ്ടുമാസംകൊണ്ട് നന്ദിഗ്രാമിലെ ഏതാണ്ടെല്ലാ കമ്യൂണിസ്റ്റുകാരെയും നാട്ടിൽ നിന്ന് തല്ലിയോടിച്ചു. ഏതാണ്ട് രണ്ടായിരം കമ്യൂണിസ്റ്റുകാർ നന്ദിഗ്രാമിന് തൊട്ടുകിടക്കുന്ന ഖൊജൂരിയിൽ അഭയം പ്രാപിച്ചു. നന്ദിഗ്രാമിന്നും ഖൊജൂരിക്കുമിടയിൽ ചെറിയൊരു പുഴയുണ്ട്. ഈ പുഴക്കുമീതെയുള്ള രണ്ടു പാലത്തിൽകൂടി മാത്രമേ നന്ദിഗ്രാമിലേക്ക് പ്രവേശിക്കാൻ പറ്റൂ. (4, 5 പേജുകളിലെ ചിത്രങ്ങൾ കാണുക)

ഇവിടെ അൽപം ഭൂമിശാസ്ത്രംകൂടി അറിഞ്ഞിരിക്കണം. ബംഗാളിന്റെ തെക്കെ അറ്റത്ത്, ബംഗാൾ ഉൾക്കടലിന്നടുത്തു കിടക്കുന്ന പ്രദേശമാണ് നന്ദിഗ്രാം. കൽക്കത്തയിൽനിന്ന് 87 കിലോമീറ്റർ തെക്കാണിത്. 250 ചതുരശ്രകിലോമീറ്ററാണ് നന്ദിഗ്രാമിന്റെ വിസ്തീർണ്ണം; കഷ്ടിച്ച് ഒരു ലോകസഭാസീറ്റിന്റെ വലുപ്പം; നിയമസഭയിലേക്ക് ആറുപേരെയാണ് നന്ദിഗ്രാമിൽനിന്ന് തിരഞ്ഞെടുക്കുന്നത്. ബംഗാളിലെ ഏറ്റവും ഫലഭൂയിഷ്ടമായ പ്രദേശമാണിത്. ബംഗാളിലെ വെറ്റില ഉല്പാദനം 175 ടൺ ആണ്; അതിൽ 55 ശതമാനവും നന്ദിഗ്രാമിന്റെ സംഭാവനയാണ്. അതുപോലെ ബംഗാളിലെ നെല്ലുൽപാദനത്തിന്റെ നല്ലൊരു ഭാഗവും നന്ദിഗ്രാമിൽനിന്നാണ്. നന്ദിഗ്രാമിന്റെ തെക്കുഭാഗത്തും വടക്കുഭാഗത്തും പുഴയാണ്. ജനങ്ങൾക്ക് പ്രത്യേകിച്ച് രാഷ്ട്രീയമൊന്നുമില്ല. ഭൂനിയമം നടപ്പാക്കിയത് കമ്യൂണിസ്റ്റുകാരാണ്. അതിനാൽ ജനങ്ങൾക്ക് മാർക്സിസ്റ്റ് പാർട്ടിയോട് ആഭിമുഖ്യമുണ്ടായിരുന്നു. പക്ഷെ അവർ ഭൂമി പിടിച്ചെടുക്കാൻ വന്നപ്പോൾ ജനങ്ങൾതന്നെ അവരെ ഓടിച്ചു.

നാട്ടിൽനിന്ന് തല്ലിയോടിക്കപ്പെട്ട കമ്യൂണിസ്റ്റുകാർ നന്ദിഗ്രാമിലേക്ക് തിരിച്ചുവരാൻ നടത്തിയ ശ്രമങ്ങളെയെല്ലാം ജനങ്ങൾ സംഘടിതമായി തടഞ്ഞു. ഒരാളേയും പുഴകടക്കാൻ അനുവദിക്കാറില്ല. ഗതികെട്ട കമ്യൂണിസ്റ്റുകാർ കഴിഞ്ഞ മാർച്ച് 14 ന്ന് പോലീസിന്റെ അകമ്പടിയോടെ നന്ദിഗ്രാമിൽ കടക്കാൻ ഒരു ശ്രമം നടത്തി. നൂറുകണക്കിന്ന് നാട്ടുകാർ ചേർന്ന് അവരെ തടഞ്ഞു. പോലീസും കമ്യൂണിസ്റ്റുകാരും വെടിവച്ചുനോക്കി. 14 പേർ മരിച്ചുവീണുവെങ്കിലും ജനങ്ങൾ വഴങ്ങിയില്ല. ഒടുവിൽ പോലീസും കമ്യൂണിസ്റ്റുകാരും പിൻമാറി.

ഭീകരമായ ഈ കൂട്ടക്കൊല ദേശീയതലത്തിൽതന്നെ ചലനമുണ്ടാക്കി. ഗവർണ്ണർ ഗോപാലകൃഷ്ണ ഗാന്ധി തന്നെ ഗവർമ്മേണ്ടിന്റെ നടപടിയെ അധിക്ഷേപിച്ചു. വി.പി. സിങ്, മേധാ പട്കർ തുടങ്ങിയ പല ദേശീയ നേതാക്കളും നന്ദിഗ്രാമിലെത്തി. ഇതിനെത്തുടർന്ന് കെമിക്കൽ ഫാക്ടറി പദ്ധതിക്ക് നന്ദിഗ്രാം അക്വയർ ചെയ്യാനുള്ള പദ്ധതി ഗവർമ്മേണ്ട് ഉപേക്ഷിച്ചു. പക്ഷെ അതുകൊണ്ട് പ്രശ്നം തീർന്നില്ല. നന്ദിഗ്രാമിൽനിന്ന് പുറത്താക്കപ്പെട്ട കമ്യൂണിസ്റ്റുകാർ തിരിച്ചുവരാൻ നടത്തിയ ശ്രമങ്ങളെയെല്ലാം നാട്ടുകാർ പരാജയപ്പെടുത്തി. കർഷകരുടെ ഭൂമി രക്ഷാ സമിതിക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് മമതയുടെ തൃണമൂൽ കോൺഗ്രസ്സ് രംഗത്തെത്തി. നക്ഷലുകൾ നന്ദിഗ്രാമിൽ നുഴഞ്ഞുകയറിയതായി ബംഗാൾ ഗവർമ്മേണ്ട് കുറ്റപ്പെടുത്തുന്നുണ്ടെങ്കിലും, അത് പട്ടിയെകൊല്ലാൻ പേപ്പട്ടി എന്നു പേരിടുന്നതുപോലെയുള്ള ഒരു തന്ത്രമായിട്ടേ കണക്കാക്കപ്പെടുന്നുള്ളൂ.

ആറുമാസം കാത്തിരുന്നിട്ടും ഫലമില്ലാതായപ്പോൾ നന്ദിഗ്രാമിനെ തിരിച്ചുപിടിക്കാൻതന്നെ മാർക്സിസ്റ്റ് പാർട്ടി തീരുമാനിച്ചു. ഗവർമ്മേണ്ടിന്റെ ഒത്താശയോടെയായിരുന്നു ഇതെന്നതിന്ന് ഒരു നൂറുകൂട്ടം തെളിവുകൾ ഹാജരാക്കാൻ കഴിയും. നന്ദിഗ്രാം ഓപ്പറേഷൻ കഴിയുന്നതുവരേക്ക് പോലിസിനെ പിൻവലിച്ചതും കേന്ദ്ര ഗവർമ്മേണ്ട് അയച്ചു

കൊടുത്ത സി.ആർ.പി.യെ യഥാസമയം വിന്യസിക്കാതിരുന്നതുംതന്നെ ഏറ്റവും വലിയ തെളിവ്.

ഒക്ടോബർ അവസാനവാരത്തിലും നവമ്പർ ആദ്യ ദിനങ്ങളിലുമായി ബംഗാളിന്റെ നാനാഭാഗങ്ങളിൽനിന്നുമുള്ള മാർക്സിസ്റ്റ് പ്രവർത്തകർ നന്ദിഗ്രാമിന്നു തെക്കുകിടക്കുന്ന ഖെജൂറിയിൽ എത്തിച്ചേർന്നു. അതേ സമയം നന്ദിഗ്രാമിന്നു വടക്കു കിടക്കുന്ന ഹാൽഡിയയിൽനിന്ന് കടൽമാർഗ്ഗം ആയുധങ്ങളും ഖെജൂറിയിൽ എത്തിച്ചു. നവംബർ മൂന്നാം തിയ്യതി മാർക്സിസ്റ്റ് പ്രവർത്തകർ സായുധരായി നന്ദിഗ്രാമിലേക്ക് ഇരച്ചുകയറി. ജനങ്ങളുടെ എതിർപ്പ് മാർക്സിസ്റ്റുകളുടെ തോക്കുകൾക്കുമുന്നിൽ തകർന്നുപോയി. ആകെ 45 പേർ മരിച്ചുവെന്നാണ് കണക്ക്; അനൗദ്യോഗിക കേന്ദ്രങ്ങൾ പറയുന്നത് 300 പേരെങ്കിലും കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ്. മാർക്സിസ്റ്റുകാർ കാണിച്ച അതിക്രമങ്ങൾക്ക് കയ്യുംകണക്കുമില്ല. എന്നിട്ടും പത്തു ദിവസംകൊണ്ടേ നന്ദിഗ്രാമിനെ "കീഴടക്കാൻ" അവർക്ക് കഴിഞ്ഞുള്ളൂ. ഗവർണർ ഗോപാലകൃഷ്ണ ഗാന്ധിമുതൽക്കിങ്ങോട്ടുള്ളവരെല്ലാം ഈ ഓപ്പറേഷനെ അതിനിശിതമായ ഭാഷയിൽ വിമർശിച്ചിട്ടും ബംഗാൾ ഗവർമ്മേണ്ടിന്നോ മാർക്സിസ്റ്റ് പാർട്ടിക്കോ കുലുക്കമൊന്നുമില്ലെന്നല്ല, മുഖ്യമന്ത്രി ബുദ്ധദേവ് അതിനെ ന്യായീകരിക്കുകയും ചെയ്തു.

മനുഷ്യാവകാശ കമ്മീഷൻ നന്ദിഗ്രാം ഓപ്പറേഷനെ 2002ലെ ഗുജറാത്തിലെ നരവേട്ടയുമായി താരതമ്യപ്പെടുത്തിയത് വലിയ പ്രതിഷേധത്തിന്ന് കാരണമായി. ശരിയാണ് അല്പം വ്യത്യാസമുണ്ട്. നന്ദിഗ്രാം ഓപ്പറേഷനേക്കാൾ വലുതായിരുന്നു ഗുജറാത്തിലെ നരവേട്ട; ഗുജറാത്തിലേത് വർഗ്ഗീയമായിരുന്നുവെങ്കിൽ നന്ദിഗ്രാമിലേത് രാഷ്ട്രീയമായിരുന്നു.

നന്ദിഗ്രാമിൽനിന്ന് തെഹൽക ലേഖകൻ ശന്തനു ഗുഹറായ് അയച്ച റിപ്പോർട്ടിൽ ഇങ്ങനെ കാണുന്നു:

നന്ദിഗ്രാം ഓപ്പറേഷന്ന് ഇരയായവരെ കാണാൻ നിങ്ങൾക്കധികമൊന്നും അലയേണ്ടതില്ല; തൊട്ടടുത്ത താംലുക് സർക്കാർ ആസ്പത്രിയിൽ ചെന്നാൽമതി. പഴകി ദ്രവിച്ച കട്ടിലുകളിൽ ഡസൻകണക്കിന്നു ആളുകൾ പരിക്കേറ്റു കിടക്കുന്നുണ്ട്. 19 വയസ്സുള്ള ഗൗതംദാസ് ഭൂമിരക്ഷാസമിതിയിലെ അംഗമൊന്നുമല്ല. മാർക്സിസ്റ്റ് പ്രവർത്തകർ അയാളുടെ ഗ്രാമത്തെ ആക്രമിച്ചപ്പോൾ ആദ്യത്തെ വെടിക്ക് വീണത് അയാളാണ്. അയാളുടെ ദേഹത്തിൽ രണ്ടു വെടിയുണ്ടകളുണ്ട്. തന്റെ അയൽപക്കക്കാരായ രണ്ടു സ്നേഹിതന്മാർ നെഞ്ചത്ത് വെടിയേറ്റ് മരിച്ചതായി ദാസ് പറഞ്ഞു. ജനറൽ വാർഡിൽ നിരന്നുകിടക്കുന്ന രോഗികൾക്ക് ഇത്തരം ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. ഭൂമി രക്ഷാ സമിതി അംഗമായ ചന്ദൻദാസിന്റെ ശരീരത്തിൽ മൂന്നു വെടിയുണ്ടകളേറ്റിട്ടുണ്ട്. "എനിക്കെല്ലാം നഷ്ടപ്പെട്ടു" - അയാൾ തേങ്ങിക്കരഞ്ഞുകൊണ്ടു പറഞ്ഞു. "എന്റെ വീട് കൊള്ളയടിച്ച ശേഷം തീ വച്ചുനശിപ്പിച്ചു; എന്റെ ഭാര്യയെ ബലാത്സംഗം ചെയ്തു. ഞാനിനി എങ്ങനെ ഗ്രാമത്തിൽ മടങ്ങിച്ചെല്ലും." എന്നദ്ദേഹം ചോദിച്ചു.

ഒരു വളണ്ടിയർ ഞങ്ങളെ വനിതാ വാർഡിൽ കൊണ്ടുപോയി. ബലാത്സംഗത്തിന്നിരയായ ഡസൻകണക്കിന്നു സ്ത്രീകൾ അവിടെ കിടപ്പുണ്ട്. ഒന്നാമത്തെ കട്ടിലിൽ അശിനാ ബീബിയും അവരുടെ ഭർത്താവിന്റെ അമ്മയുമാണ് കിടക്കുന്നത്. രണ്ടുപേരും ബലാത്സംഗത്തിന്നിരയായവരാണ്. മാർക്സിസ്റ്റുകാർ ഗ്രാമത്തിൽ പ്രവേശിക്കുന്നതിന്നുമുമ്പ് അശിനയുടെ ഭർത്താവ് ജീവനും കൊണ്ട് രക്ഷപ്പെട്ടിരുന്നു. ആരാണ് അക്രമികൾ? അവരൊക്കെ അയൽപക്കക്കാർ തന്നെയാണെന്ന് അശിന പറഞ്ഞു. "രാത്രി ചിലർ കതകിൽ ഇടി

പേജ് 20

ഗുജറാത്ത്: എല്ലാവരുടേയും നാവിറങ്ങിപ്പോയോ?

- കുനാൽ ബസു -

1985 അമേരിക്കയിലെ കൊളമ്പിയ സർവ്വകലാശാലയിലെ അനിയന്ത്രിതരായ ഒരു സംഘം വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കാമ്പസ്സിൽ കുടിലുകൾ കെട്ടിയുണ്ടാക്കി. ദക്ഷിണാഫ്രിക്കയിൽ കറുത്ത വർഗ്ഗക്കാർക്കായി നീക്കിവച്ചിട്ടുള്ള പ്രദേശങ്ങളിലെ കോളനികളുടെ മാതൃകയിലുള്ളവയായിരുന്നു അവ. വർണ്ണ വിവേചനം നിലവിലുള്ള ദക്ഷിണാഫ്രിക്കയുമായി ബിസിനസ് ബന്ധമുള്ള കമ്പനികളിൽനിന്ന് പണം പിൻവലിക്കണമെന്നതായിരുന്നു അവരുടെ ആവശ്യം. പെപ്സി, ജനറൽ മോട്ടോഴ്സ്, നെസൽ, സിറ്റി ബാങ്ക്, മോബിൽ, യൂണിയൻ കാർബൈഡ് തുടങ്ങിയ ഒട്ടേറെ കമ്പനികൾ ഇതിൽ പെടും വിദ്യാർത്ഥികളുടെ ഈ സമരം പെട്ടെന്ന് ആമേരിക്കയിലാകെ പടർന്നു പിടിച്ചു. ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാരുടെ ഭരണത്തിന്ന് അറുതിവരുത്തിയ അവസാനത്തെ അടിയായിരുന്നു അതെന്ന് ഡെസ്മണ്ട് ടൂട്ടു പിന്നീട് പറയുകയുണ്ടായി. ഓഹരി ഉടമകളുടേയും ഇടപാടുകാരുടേയും സമ്മർദ്ദം മൂലം നൂറിൽ പരം അമേരിക്കൻ കമ്പനികൾക്ക് ദക്ഷിണാഫ്രിക്കയിൽനിന്ന് പിന്മാറേണ്ടിവന്നു. അങ്ങനെ ഏതാണ്ട് 1000 കോടി ഡോളറിന്റെ മൂലധനം പിൻവലിക്കപ്പെട്ടു.

വർണ്ണവിവേചനം നിലവിലുണ്ടായിരുന്ന ദക്ഷിണാഫ്രിക്കക്കും ഗുജറാത്തിനും തമ്മിലുള്ള സമാനതകൾ ഏറെയാണ്. സാമ്പത്തിക മുന്നേറ്റം രണ്ടിടത്തും കാണാം; അതേസമയം രണ്ടും അടിമുടി കെട്ടുനാറുന്നവയാണ്; തൊട്ടുഞായം പറഞ്ഞ് മൃഗീയമായ അധികാരശക്തി കയ്യാളുന്നതിൽ അഭിമാനിക്കുന്നവയാണ് രണ്ടും; അതായത് ഒന്നിൽ വെള്ള മേധാവിത്വമാണെങ്കിൽ മറ്റേതിൽ ഹിന്ദുത്വമാണ്. പക്ഷെ കാര്യമായൊരു വ്യത്യാസമുണ്ട്. ദക്ഷിണാഫ്രിക്കയിലെ പരാക്രമങ്ങളെ നേരിടാൻ ഒരു ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് ഉണ്ടായിരുന്നു; മഹാത്മജിയുടെ നാട്ടിൽ ഒരു മണ്ഡേല ഇനിയും ജനിച്ചിട്ടില്ല.

ഓഹരികമ്പോളം നാണം കെട്ടതാണ്. ഗർഭിണിയുടെ വയറ് കുത്തിക്കീറിയതു സംബന്ധിച്ച് ബജ്രംഗി വീമ്പടിക്കുന്നത് തെഹൽക ടേപ്പിൽ നാം കേട്ട അതേ വാരത്തിൽ ഓഹരികമ്പോള സൂചിക 20,000 പോയിന്റ് കയറിക്കടന്നു. വാസ്തവത്തിൽ വേദനാജനകമായൊരു കഥയാണത് പറയുന്നത്. നമ്മുടെ നാഗരികതയെല്ലാം നഷ്ടപ്പെട്ടുവെന്നും സമ്പത്ത് മാത്രമാണ് കാര്യമെന്നും അതുപറയുന്നു.

ഞാൻ പഠിപ്പിക്കുന്ന ഓക്സ്ഫോർഡിൽ, കുതിച്ചുയരുന്ന ഇന്ത്യയിൽ നിന്നുള്ള ധാരാളം പേരെ കൊല്ലംതോറും കാണാറുണ്ട്. വിദേശ ബിരുദങ്ങൾ തേടി മാതാപിതാക്കളുടെ അഭിമാനം രക്ഷിക്കുന്നവരാണിവർ പക്ഷെ ഗുജറാത്തിലെ നരോദപതിയയിൽ ചുട്ടു ചാമ്പലാക്കിയ കുടിലുകൾ പോലെയുള്ള കുടിലുകൾ കെട്ടിയുണ്ടാക്കാൻ അവരിലാരും സ്വപ്നത്തിൽ പോലും ധൈര്യപ്പെടില്ല. നിങ്ങൾ വെറുതെയൊന്ന് അനക്കിയാൽ മതി, ഇന്ത്യയിലെ ഏറ്റവും വലിയ പത്തു കോടീശ്വരൻമാരുടെ പേർ അവർ കണ്ണടച്ചു പറയും; എന്നാൽ അവരിലാരും ടീസ്റ്റ സെത്തൽവാദിനെക്കുറിച്ച് കേട്ടിട്ടുണ്ടാവില്ല.

ദക്ഷിണാഫ്രിക്കയിൽനിന്നും കമ്പനികളെ ആട്ടി പുറത്താക്കിയതുപോലെ, അവരെ ഗുജറാത്തിൽനിന്നും പുറത്താക്കേണ്ടതുണ്ട്; വിദേശ കമ്പനികളെ മാത്രമല്ല, ഇന്ത്യൻ കമ്പനികളേയും പുറത്തിറക്കണം. ഇന്ത്യൻ മണ്ണിൽ നടന്ന ഒന്നാമത്തെ കൂട്ടക്കൊലയെക്കുറിച്ച് രത്തൻ ടാറ്റാക്ക് എന്തു പറയാനുണ്ട്? ലോക

ത്തിലെ ഏറ്റവും സമ്പന്നനായ മുകേഷ് അംബാനിക്ക് വാക്കുകളുടെ കാര്യത്തിൽ ഇത്രയേറെ ദാരിദ്ര്യം വന്നതെങ്ങനെയാണ്? ഇന്ത്യയിലെ ജനങ്ങൾ വല്ലാത്തൊരു പ്രതിസന്ധിയിൽ പെട്ടപ്പോൾ നമ്മുടെ കമ്പനി മേധാവിമാരെല്ലാം എവിടെ പോയൊളിച്ചു? ഗുജറാത്തിലെ പൈശാചികത്വത്തിൽ മനം മടുപ്പ് പ്രകടിപ്പിച്ചുവെന്നതുകൊണ്ടുമാത്രം നിങ്ങൾക്കെത്ര ബിസിനസ് ചേതം വന്നു ചേരും?

ടാറ്റാമാരെപ്പോലെയും അംബാനിമാരെപ്പോലെയുമുള്ളവരെ നമുക്കു മറക്കുക. അവരുടെ മൗനത്തിന്റെ ശബ്ദം കാതടിപ്പിക്കുന്നതാണ്. അക്രമം കാണിച്ചവരുടേയും അക്രമങ്ങൾക്കിരയായവരുടേയും ചുണ്ടുകളിൽ ഒരുപോലെ തത്തിക്കളിക്കുന്ന പേരുകളുടെ ഉടമകളെപ്പറ്റി എന്തുപറയുന്നു? എന്തുകൊണ്ടാണ് അമിതാഭ്ബച്ചൻ മിണ്ടാത്തത്? എന്തുകൊണ്ടാണ് ലതാ മങ്കേഷ്കർ മിണ്ടാത്തത്? ഇവരൊന്നും സിവിൽ സമൂഹത്തിൽ പെട്ടതല്ലെങ്കിൽ, ഏതു സമൂഹത്തിൽ പെട്ടവരാണിവർ?

അനീതികൾക്കെതിരെ വൻകിട താരങ്ങൾ ബഹളം കൂട്ടുന്നത് അസാധാരണമല്ല. തദ്ദേശീയരെ കൊന്നൊടുക്കുന്നതിൽ പ്രതിഷേധിച്ച് മാർലോൻ ബ്രാൻഡോ 1972 ലെ ഓസ്കാർ ബഹിഷ്കരിക്കുകയും പകരം ഒരു തദ്ദേശീയ വനിതയെ നിയോഗിക്കുകയുമുണ്ടായി. കലാപത്തിന്റെ സന്തതികളായ ഡൈലൻ, ബെയ്സ് തുടങ്ങിയവരെ നമുക്ക് മാറ്റി നിർത്തുക. അതിന്നപ്പുറം, വിജയശ്രീലാളിതരായ ഒട്ടേറെ കലാകാരൻമാർ പ്രതിഷേധസ്വരം ഉയർത്തുകയും അതിന്ന് വിലനൽകേണ്ടിവരുകയും ഉണ്ടായിട്ടുണ്ട്. മക്കാർത്തിയെ എതിർത്തതുകൊണ്ട് ചാപ്ലിന്ന് ഹോളിവുഡ് വിട്ടുപോകേണ്ടിവന്നു. നഡീൻ ഗോർഡിമർ, പെഡ്രോ അൽമോഡോവർ, ഗാർഷ്യ മാർക്കസ്, അരുന്ധതി റോയ്, എന്നിവരെല്ലാം എതിർപ്പിന്ന് വില നൽകിയവരാണ്.

കോളറ പടരുമ്പോൾ നിഷ്പക്ഷത പറയുന്നതിനേക്കാൾ നാണം കെട്ട ഒന്നുമില്ല. ടോമി സ്മിത്തിനേയും ജോൺ കാർലോവിനേയും ഓർമ്മയുണ്ടോ? 1968 ൽ മെക്സിക്കോ സിറ്റിയിൽ താരപ്രഭയിൽ മുങ്ങിയ ചടങ്ങിൽ മെഡൽ സ്റ്റാൻഡിൽ കയറിനിന്നുകൊണ്ട് അവർ കറുത്ത ഗ്ലോവണിഞ്ഞ മുഷ്ടി ചുരുട്ടി മാർട്ടിൻ ലൂതർ കിങ്ങിന്റെ രക്തസാക്ഷിത്വത്തിന്ന് അഭിവാദ്യമർപ്പിച്ചു. ലോകത്തിലെ ഏറ്റവും വേഗംകൂടിയ ആളുകളായി മാത്രമല്ല, ആ കാലഘട്ടത്തിലെ ആരാധനാ പാത്രങ്ങളായും അവർ കിരീടമണിയിക്കപ്പെട്ടു.

ശ്രീ ശ്രീ രവിശങ്കർ ഗുജറാത്തിലെ പിശാചുക്കളെ അപലപിച്ചുവെന്നത് ആഹ്ലാദകരം തന്നെ. എന്നാൽ മറ്റു വമ്പൻമാർ ഇപ്പോഴും മൗനം പാലിക്കുകയാണ്. താരങ്ങളെക്കൊണ്ടിത്ര ആവശ്യമെന്താണ്? ഒന്നാമത് കൊളോണിയൽ വാഴ്ചക്കാലത്തിന്നു ശേഷമുണ്ടായ നമ്മുടെ ദേശീയ വ്യക്തിത്വത്തെ ഇണക്കി വിളക്കി ചേർക്കുന്നത് അവരാണ്. അതിന്നു ബലക്ഷയമുണ്ടാകുന്നുവെങ്കിൽ, അതിൽ വേവലാതിപ്പെടേണ്ടവർ അവർ തന്നെയാണ്. അതിന്നും പുറമെ ടെൻഡുൽക്കർ, ബച്ചൻ, മങ്കേഷ്കർ, അംബാനി തുടങ്ങിയവർ ചേർന്ന് നിർദ്ദോഷികളുടെ യാതനയിൽ വേദന പ്രകടിപ്പിച്ചുകൊണ്ടൊരു തുറന്ന കത്തെഴുതിയാൽ അത് ജനങ്ങളെ തട്ടിയുണർത്തുമെന്നതിൽ സംശയമില്ല. ദൈവങ്ങളുടെ അഭാവത്തിൽ, ആൾ ദൈവങ്ങൾക്ക് ചില നന്മകൾ കൈവരുത്താൻ കഴിയും. ശരിയാണ്; ചില കഷ്ട നഷ്ടങ്ങൾ അനുഭവിക്കേണ്ടി വന്നുവെന്നുവരും താരങ്ങൾ അഭിനയിച്ച ഫിലിം പ്രദർശിപ്പിക്കുന്ന കൊട്ടകൾക്ക് തീവച്ചുവെന്നുവരും; ജനങ്ങൾക്കിടയിൽനിന്ന് ചിലർ കൂവിയെന്നു വരും; ഓഹരി വില അല്പം ഇടിഞ്ഞുവെന്നു വരും; വീടിനു മുന്നിൽ ചിലർ പ്രകടനം നടത്തിയേക്കും. നർമ്മദ അണക്കെട്ടിനെ എതിർത്ത അമീർ ഖാനുണ്ടായ അനുഭവം പോലെ പലതും ഉണ്ടായേക്കും. അത്തരം നഷ്ട സാധ്യതകളെ എന്തുകൊണ്ടു നേരിട്ടുകൂടാ? നിങ്ങൾക്ക് പണം കിട്ടുന്നതു മുഴുവൻ ഇന്ത്യയിലെ ദരിദ്ര കോടിയിൽ നിന്നാണെന്നു മറക്കരുത്. എല്ലാ കഷ്ട നഷ്ടങ്ങളും ഈയിടെ വിവാഹിതനായ, ഒരു ശിശുവിന്റെ അഛനായ, ചെറുപ്പക്കാരനായ ഒരു ജേർണലിസ്റ്റ് തന്നെ സഹിക്കണോ? ❑

ഗുജറാത്തിലെ നരവേട്ട അക്രമിയുടെ വാക്കുകളിൽ

2002 ഫെബ്രുവരി 27ന് ഗോധ്രയിൽ ഒരു തീവണ്ടിക്ക് തീ പിടിച്ചതിനെത്തുടർന്ന് ഗുജറാത്തിലാകെ മുസ്ലീമുകൾക്കെതിരായ ഒരു നരവേട്ട നടക്കുകയുണ്ടായി. ഈ നരവേട്ടയിൽ പങ്കെടുത്തവരുടെവിവരം, തെഹൽക വാരിക ഈയിടെ പ്രസിദ്ധീകരിച്ചു.

ഹൈന്ദവ നവോത്ഥാനത്തെപ്പറ്റി പഠിക്കുന്ന ഒരു ഗവേഷണ വിദ്യാർത്ഥി എന്ന വേഷത്തിൽ ഗുജറാത്തിൽ ചെന്ന തെഹൽക ലേഖകൻ, പ്രസ്തുത നരനായാട്ടിന്നു നേതൃത്വം നൽകിയവരുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഒളിക്യാമറ ഉപയോഗിച്ച് രേഖപ്പെടുത്തിയ വിവരങ്ങളാണ് തെഹൽക പ്രസിദ്ധീകരിച്ചിരിക്കുന്നത്. അക്രമികളുടെ വിശ്വാസമാർജിക്കാൻ ഓരോരുത്തരേയും പല തവണ കണ്ട് സംസാരിക്കേണ്ടിവന്നു. അങ്ങനെ ആറുമാസം നീണ്ടുനിന്ന രഹസ്യാന്വേഷണത്തിൽ ശേഖരിക്കാൻ കഴിഞ്ഞ വിവരങ്ങളാണിവ.

അഹമ്മദാബാദ് നഗരത്തിലെ നരോദപതിയ, നരോദഗവോൺ എന്നീ മുസ്ലീം മേഖലകളിലെ നരനായാട്ടിന്നു നേതൃത്വം നൽകിയ ബാബു ബജ്രംഗിയുമായി നാലു തവണ അഭിമുഖ സംഭാഷണം നടത്തി ശേഖരിച്ച വിവരങ്ങളുടെ പ്രസക്ത ഭാഗങ്ങൾ:

2007 സെപ്തബർ 1

(നാലാമത്തെ കൂടിക്കാഴ്ച)

ബാബു: എനിക്കുള്ള പങ്ക് പറയാം. നരോദപതിയയിലെ ഓപ്പറേഷൻ ഞാനാണ് തുടങ്ങിവച്ചത്. ഞങ്ങളുടെ കൂടെ (വിശ്വഹിന്ദുക്കളുടെ കൂടെ) നാട്ടുകാരും കൂടി. എന്റെ വീട്ടിൽനിന്ന് അരകിലോമീറ്ററേ നരോദപതിയയിലേക്കുള്ളൂ. ഗോധ്ര സംഭവമുണ്ടായപ്പോൾ ഞാനവിടെ പോയിരുന്നു. അവിടെ കണ്ട കാഴ്ച സഹിക്കാനായില്ല. അടുത്ത ദിവസം ഞങ്ങൾ തിരിച്ചടി നൽകി.

തെഹൽക: ഗോധ്രയിൽ സഹിക്കാനായില്ലെന്നു പറഞ്ഞതെന്താ?

ബാബു: അവിടെ നടന്ന കൂട്ടക്കൊല കണ്ട ആർക്കും അവരെ (മുസ്ലീമുകളെ) വെട്ടി നുറുക്കാൻ തോന്നും.

തെഹൽക: അതിന്ന് താങ്കൾ അവിടെ ഉണ്ടായിരുന്നുവോ?

ബാബു: ഉവ്വ് ഉവ്വ്, ഞാനവിടെ ഉണ്ടായിരുന്നു. എല്ലാം കണ്ട ഞാൻ നരോദയിലേക്ക് മടങ്ങി; പ്രതികാരം ചെയ്തു.

തെഹൽക: ഇത്രകുറച്ച് സമയം കൊണ്ട് എങ്ങനെ ഇതൊക്കെ സംഘടിപ്പിക്കാൻ കഴിഞ്ഞു?

ബാബു: സമയമുണ്ടായിരുന്നില്ല. അന്നു രാത്രിതന്നെ വേണ്ടതെല്ലാം സംഘടിപ്പിച്ചു. ഇരുപത്തൊമ്പതോ മുപ്പതോ പേരെ ഞങ്ങൾ ഏർപ്പാടാക്കി. കയ്യിൽ തോക്കുള്ളവരെയെല്ലാം അന്നു രാത്രി പോയി കണ്ടു. അവരുടെ തോക്കു തരണമെന്നും, തോക്കു തരാത്ത പക്ഷം, ഹുന്ദുവായാലും അടുത്ത ദിവസം കൊന്നുകളയുമെന്നും പറഞ്ഞു. അതിനാൽ എല്ലാവരും തോക്കും വെടിക്കോപ്പും തന്നു. അങ്ങനെ 23 തോക്ക് സംഘടിപ്പിച്ചു. പക്ഷെ വെടിയേറ്റ് ആരും മരിച്ചിട്ടില്ല. ഉണ്ടായതിങ്ങനെയാണ്. എല്ലാറ്റിനേയും ആട്ടി ഓടിച്ചു. അടുത്തൊരു കൂറ്റൻ മടയുണ്ടായിരുന്നു. എല്ലാവരേയും അതിലേക്ക് ആട്ടിക്കയറ്റി. അവിടെയിട്ട് എല്ലാറ്റിന്റേയും കഥ കഴിച്ചു.

തെഹൽക: ആ പ്രദേശമെങ്ങനെ?

ബാബു: പതിയയിൽ വലിയൊരു ട്രാൻ. വർക്ക് ഷോപ്പുണ്ട്. അതിനൊരു കൂറ്റൻ മതിലുമുണ്ട്. അവിടം മുതൽ പതിയ തുടങ്ങുന്നു. തൊട്ട് എതിർവശത്ത് ഒരു മസ്ജിദുണ്ട്. അതിനോട് തൊട്ടാണ് വലിയൊരു മട. അവിടെയിട്ടാണ് എല്ലാറ്റിന്റേയും കഥ കഴിച്ചത്. 7 മണിക്ക് ആഭ്യന്തരമന്ത്രിയേയും ജയദീപ് ഭായിയേയും വിളിച്ച് എത്രയെണ്ണത്തെ കൊന്നുവെന്നു പറഞ്ഞു. (വിശ്വഹിന്ദു പരിഷത്തിന്റെ ജനറൽ സെക്രട്ടറിയാണ് ജയദീപ് പട്ടേൽ) ഞങ്ങളുടെ പണികഴിഞ്ഞുവെന്നും ഇനിയെല്ലാം അവരുടെ ചുമതലയാണെന്നും അറിയിച്ചു. അവരെന്തെങ്കിലും ചെയ്തുവോ എന്ന് എനിക്കറിയില്ല. എന്നാൽ പുലർച്ചക്ക് 2.30 ന്ന് എനിക്കെതിരായി ഒരു പ്രഥമവിവര റിപ്പോർട്ട് ഫയൽ ചെയ്തു. ഞാനവിടെ നരോദയയിൽ ഉണ്ടായിരുന്നുവെന്നാണതിൽ പറയുന്നത്. എന്നെ കണ്ടാൽ വെടി വെയ്ക്കാൻ പോലും പോലീസ് കമ്മീഷണർ കല്പന നൽകി.

തെഹൽക: ആര് നരേന്ദ്രഭായിയോ?

ബാബു: കമ്മീഷണർ

* * *

ബാബു: ഞങ്ങളും ഛറകളും കൂടിയാണ് പതിയ കൂട്ടക്കൊല നടത്തിയത്. അതിന്നുശേഷം ഞങ്ങളെല്ലാം ജയിലിൽ പോയി. ജയിലിലായശേഷം ജനങ്ങൾ ഒരുപാട് പണം തന്നു. ഞാൻ ധനികനായതുകൊണ്ട് പേടിയൊന്നുമുണ്ടായിരുന്നില്ല. എന്നാൽ പണമില്ലാത്ത പാവങ്ങളുടെ കാര്യം വിശ്വഹിന്ദു പരിഷത്തിന്റെ നേതാക്കൻമാർ നോക്കിയില്ല. ആ പാവങ്ങളുടെ കുടുംബകാര്യങ്ങൾ നോക്കണമെന്ന് ജയിലിൽ കിടക്കുമ്പോഴും ഞാൻ വിശ്വഹിന്ദു പരിഷത്തിനോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അഞ്ചാറുമാസക്കാലത്തേക്ക് അവർക്ക് ചില സഹായങ്ങൾ നൽകി. പിന്നെ അതും നിർത്തി.

കോടതിയിൽ ഞങ്ങളുടെ കേസ് വാദിച്ചുകൊള്ളാമെന്ന് അവർ ഏറ്റിരുന്നു. എന്നാൽ ഇതുവരെ ഒരാളും തിരിഞ്ഞു നോക്കിയിട്ടില്ല. പ്രവീൺ ഭായ് പരസ്യമായി ഏറ്റ കാര്യമാണിത്. (വിശ്വഹിന്ദു പരിഷത്തിന്റെ അന്താരാഷ്ട്ര ജനറൽ സെക്രട്ടറി പ്രവീൺ തൊഗാഡിയയെക്കുറിച്ചാണ് പറയുന്നത്) വീട്ടിൽ എന്തെങ്കിലും പ്രശ്നമുണ്ടാകുകയോ നഷ്ടം സംഭവിക്കുകയോ ചെയ്താൽ, അതൊക്കെ താൻ നോക്കിക്കൊള്ളാമെന്നും അദ്ദേഹം പറഞ്ഞിരുന്നു. പക്ഷെ അവർ പിരിച്ചുണ്ടാക്കിയ പണം കൊണ്ട് എന്തു ചെയ്തുവെന്ന് ആർക്കും അറിയില്ല. ആർക്കും ഒരു പൈസയും നൽകിയിട്ടില്ല. അഞ്ചാറു മാസക്കാലം റേഷൻ നൽകി. അത്രമാത്രം.

തെഹൽക: താങ്കൾ ജയദീപ് ഭായിയുമായി മാത്രമേ ബന്ധപ്പെട്ടിരുന്നുള്ളു; അല്ലേ?

ബാബു: വിശ്വഹിന്ദു പരിഷത്തിൽനിന്ന് ജയദീപ് മാത്രമേ എന്നോട് സംസാരിക്കാറുള്ളൂ.

തെഹൽക: മുസ്ലീമുകളെ കൊന്ന ദിവസമോ?

ഞാനന്ന് പതിനൊന്നോ പന്ത്രണ്ടോ തവണ ജയദീപ് ഭായിയുമായി സംസാരിച്ചു. ഞങ്ങൾ ഇഷ്ടംപോലെ കൊല്ലുകയായിരുന്നു. എനിക്കതിൽ അഭിമാനമേയുള്ളൂ. അവസരം കിട്ടിയാൽ ഇനിയും കൊല്ലും.

തെഹൽക: ജയദീപ് ഭായ് അപ്പോൾ ക്യാമ്പ് ചെയ്തിരുന്നത് എവിടെയാണ്?

ബാബു: അദ്ദേഹം ധന്വന്തരിയിൽ ഇരിപ്പായിരുന്നു. ബാപ്പു നഗറിലെ പ്രവീൺ ഭായിയുടെ ഡിസ്പെൻസറിയിൽ. അദ്ദേഹത്തോട് പറഞ്ഞിട്ടൊന്നുമല്ല ഞങ്ങൾ കൊല്ലാനിറങ്ങിയത്. നരോദപതിയയിലും നരോദ ഗവോ

ണിലും ഒരൊറ്റ മുസ്ലീം കട പോലും ഞങ്ങൾ വെറുതെ വിട്ടില്ല. കണ്ടതെല്ലാം തീ വെച്ചു നശിപ്പിച്ചു; സകലതിനേയും കൊന്നു. അവരതൊന്നും അറിഞ്ഞിരുന്നില്ല. എത്രപേർ കൊല്ലപ്പെട്ടുവെന്നറിഞ്ഞപ്പോൾ അവർക്ക് സംഭ്രമമായി.

* * *

ബാബു: നരോദപതിയയിൽ നിന്ന് അരകിലോമീറ്റർ അകലെയാണ് നരോദ ഗവോൺ. രണ്ടിടത്തും ഞങ്ങൾ കഴിയുന്നതെല്ലാം ചെയ്തു. ചുരുങ്ങിയത് — പേരെങ്കിലും കശാപ്പു ചെയ്തിട്ടുണ്ട്. മൃതദേഹങ്ങളെല്ലാം ഞങ്ങൾ അവിടത്തെ വലിയ കിണറ്റിൽ തട്ടി.

തെഹൽക: എങ്ങനെയാണിതൊക്കെ ചെയ്തത്? കൈത്തോക്ക്, സിലിണ്ടർ, ...

ബാബു: സിലിണ്ടിറുകളെല്ലാം അവരുടേത് (മുസ്ലീമുകളുടേത്) തന്നെയാണ്. ഏതു വീട്ടിൽ കയറിച്ചെന്നാലും അവിടത്തെ സിലിണ്ടർ പിടിച്ചെടുക്കും; കത്തിക്കും; ഠേ; ഒരു സ്ഫോടനം. തോക്കും ഉണ്ടായിരുന്നു. എത്ര പറ്റിയ അവസരമായിരുന്നെന്നോ? പക്ഷെ ഞങ്ങളുടെ നാലു പ്രവർത്തകരും കൊല്ലപ്പെട്ടു. അതും ആരും അന്വേഷിച്ചില്ല.

തെഹൽക: താങ്കൾ മസ്ജിദിന്റെ മുകളിൽ കയറി പന്നിയെ കെട്ടിത്തൂക്കിയെന്നു പറയുന്നുണ്ടല്ലോ?

ബാബു: ഞങ്ങൾ ഒരു ടാങ്കർ അതിലേക്ക് തള്ളിയിട്ടു. നിറച്ച് ഓയിലുണ്ടായിരുന്നു.

തെഹൽക: പെട്രോൾ ടാങ്കർ?

ബാബു: ഡീസൽ ടാങ്കർ. അങ്ങനെ പള്ളി കത്തിച്ചു.

തെഹൽക: അതായത് ടാങ്കർ പൊട്ടിത്തെറിച്ചാണ് പതിയക്ക് തീ പിടിച്ചത്?

ബാബു: മസ്ജിദിന്ന്, ബാക്കിയുള്ളതിന്റെ ചുമതല എനിക്കായിരുന്നു. ഞാൻ തോന്നിയതു ചെയ്തു.

തെഹൽക: കുഴിയിലും എണ്ണയാണോ? അതിലുണ്ടായിരുന്നവർ?

ബാബു: അത് വലിയൊരു മടയാണ്. ഒരു ഭാഗത്തുകൂടിയേ മടയിലേക്കിറങ്ങാൻ പറ്റൂ. മറ്റു ഭാഗങ്ങളിൽ കൂടി പുറത്തു കടക്കാൻ പറ്റില്ല. എല്ലാറ്റിനേയും മടയിലേക്ക് ആട്ടിയോടിച്ചു.

തെഹൽക: എന്നിട്ട് എണ്ണ ഒഴിച്ചു?

ബാബു: എണ്ണയും കത്തുന്ന ടയറും ഇട്ടു.

തെഹൽക: എണ്ണ എവിടെനിന്നു കിട്ടി?

ബാബു: അതോ? ഞങ്ങൾക്ക് വേണ്ടത്രയുണ്ടായിരുന്നു. ഞങ്ങൾ ഒട്ടേറെ കാനുകളിൽ എണ്ണ വാങ്ങി വച്ചിരുന്നു. തലേന്നു രാത്രി പെട്രോൾ പമ്പിൽ നിന്ന് വാങ്ങി വച്ചിരുന്നു. പെട്രോളും ഡീസലും പമ്പുടമകൾ സൗജന്യമായി തന്നു.

തെഹൽക: മുസ്ലീമുകളെ വെട്ടിക്കൊല്ലുകയാണോ ചെയ്തത്?

ബാബു: വെട്ടികൊന്നു; ചുട്ടുകൊന്നു; തീയിട്ടു; അങ്ങനെ പലതും ചെയ്തു. ചുട്ടുകൊല്ലുന്നതിലായിരുന്നു താൽപര്യം. ഈ കഴിവേറികൾ മൃതദേഹം സംസ്കരിക്കുന്നതിന്ന് എതിരാണ്. ശവം ദഹിപ്പിച്ചാൽ അതു വരും, ഇതു വരും, എന്നൊക്കെയാണ് അവർ പറയുക

തെഹൽക: താങ്കൾക്കെതിരെ എത്ര പേർ സാക്ഷി പറഞ്ഞിട്ടുണ്ട്.

ബാബു: പതിനാലു മുസ്ലീമുകളും പതിനാറു പോലീസുകാരും. മുസ്ലീം സാക്ഷികളിൽ ചിലർ ജൂഹ പുരക്ക് താമസം മാറ്റി; പതിയവിട്ടു; ഇവിടെ താമസിക്കാൻ അവർ ധൈര്യപ്പെടില്ല. മുസ്ലീം സാക്ഷികളിൽ ബാക്കിയുള്ളവർ കർണ്ണാടകത്തിലേക്ക് പോയി. അവർക്ക് കൈ നിറയെ കാശു കിട്ടിയിട്ടുണ്ട്. ഓരോരുത്തർക്കും ഏഴു ലക്ഷം വീതം. എത്ര കൊടുക്കുമെന്ന്

നരേന്ദ്ര ഭായ് (മുഖ്യമന്ത്രി) ഒരിക്കലും പറയുകയുണ്ടായിട്ടില്ല. അദ്ദേഹം ഓരോരുത്തർക്കും 20,000 രൂപയുടെ ചെക്കാണ് നൽകിയത്. പിന്നെ ആർക്കും ഒന്നും കൊടുത്തിട്ടില്ല. പക്ഷെ കേന്ദ്ര ഗവർമ്മേണ്ട് കൊടുത്തു.

നരോദപതിയയിലെ സംഭവങ്ങൾക്കു ശേഷം പുലർച്ചക്ക് 2.30 ന് ഞാൻ പോലീസ് ഇൻസ്പെക്ടർ മൈസൂരവാലയെ വിളിച്ചു. പോലീസ് സ്റ്റേഷനിലേക്ക് വരരുതെന്ന് അയാൾ പറഞ്ഞു. കണ്ടാൽ വെടി വയ്ക്കാൻ കല്പനയുണ്ടെന്നും അതിനാൽ എങ്ങോട്ടെങ്കിലും രക്ഷപ്പെടണമെന്നു മൈസൂരവാല പറഞ്ഞു. തനിക്കൊന്നും ചെയ്യാനാവില്ലെന്നും താൻ വിളിച്ചതായി ആരോടും പറയരുതെന്നു അയാൾ ഓർമ്മിപ്പിച്ചു.

(നാലു മാസത്തിന്നു ശേഷം) നരേന്ദ്ര ഭായ് എന്നെ വിളിച്ചു പറഞ്ഞു. ബാബു ബജ്രംഗിയെ അറസ്റ്റ് ചെയ്യണമെന്ന് നാനാഭാഗത്തുനിന്നും സമ്മർദ്ദമുണ്ടെന്നും പത്രങ്ങളിലും ടെലിവിഷനിലും വമർശനമുണ്ടെന്നും അദ്ദേഹം പറഞ്ഞു. അതിനാൽ പോലീസിന്ന് കീഴടങ്ങാൻ നരേന്ദ്ര ഭായ് ഉപദേശിച്ചു. ഞാൻ ശരി എന്നു പറഞ്ഞു. അങ്ങനെ ഞാൻ ഗാന്ധി നഗറിന്നടുത്ത് വച്ച് കീഴടങ്ങി. അതൊരു പ്രഹസന മായിരുന്നു. ആദ്യന്തം ഒരു നാടകം. ഞാൻ ആ വഴിക്കു പോകുമെന്ന് പോലീസിനെ, ക്രൈം ബ്രാഞ്ചിനെ അറിയിച്ചിരുന്നു. ക്രൈം ബ്രാഞ്ചിൽ ജോയിന്റ് കമ്മീഷണറായിരുന്ന പാണ്ഡേ സാഹേബ് അവിടെ എത്തിയിരുന്നു. പന്ത്രണ്ടോ പതിമൂന്നോ കാറുകളുണ്ടായിരുന്നു. അവരെല്ലാം ഗാന്ധിനഗറിലേക്കുള്ള റോഡിൽ കാത്തുനിന്നു. നേരിട്ട് ക്രൈം ബ്രാഞ്ചിൽ പോയി കീഴടങ്ങിയിരുന്നുവെങ്കിൽ പത്രക്കാരും സന്നദ്ധ സംഘടനാപ്രതിനിധികളും എന്നെ പിച്ചി ചീന്തുമായിരുന്നു. അതുകൊണ്ടാണ് ഇങ്ങനെ ഒരു നാടകം വേണ്ടിവന്നത്. അങ്ങനെ പോലീസ് എന്നെ പിടിച്ചു; കയർകൊണ്ട് കെട്ടി. എല്ലാം നാടകമായിരുന്നു. ആളുകളെ ബോധ്യപ്പെടുത്താൻ ചെയ്യുന്നതാണിതെന്ന് പോലീസുകാർ എന്നോട് പറഞ്ഞു.

നരോദപതിയയിലെ സംഭവതിതിന്നു ശേഷം എന്നോട് ഒളിവിൽ പോകാൻ പറഞ്ഞിരുന്നു. രാജസ്ഥാനിലെ മൗണ്ട് അബുവിലുള്ള ഗുജറാത്ത് ഭവനിൽ ഒളിവിൽ കഴിയാൻ നരേന്ദ്ര ഭായ് ഏർപ്പോട് ചെയ്തു. നാലരമാസം അവിടെ കഴിഞ്ഞ ശേഷമാണ് കീഴടങ്ങിയത്.

തെഹൽക: ഒളിവിൽ കഴിയുമ്പോൾ നരേന്ദ്ര ഭായിയുമായി ഫോണിൽ സംസാരിച്ചുവോ?

ബാബു: രണ്ടോ മൂന്നോ തവണ സംസാരിച്ചു. നരേന്ദ്ര ഭായിയാണ് എന്നെ ജയിൽ വിമുക്തനാക്കിയത്. അദ്ദേഹം ജഡ്ജിമാരെ അങ്ങനെ മാറ്റിക്കൊണ്ടിരുന്നു. നരേന്ദ്ര ഭായ് മനസ്സു വച്ചില്ലായിരുന്നുവെങ്കിൽ ഞാനിപ്പോഴും ജയിലിലാകുമായിരുന്നു.

ധോലാക്യാജി എന്നൊരാളായിരുന്നു ആദ്യത്തെ ജഡ്ജി. ബാബൂ ബജ്രംഗിയെ തൂക്കിലിടുകയാണ് വേണ്ടത് എന്നാണയാൾ പറഞ്ഞത്. ഒരിക്കലല്ല, നാലഞ്ചു തവണ തൂക്കിലിടണമെന്നു പറഞ്ഞ് അയാൾ ഫയൽ വലിച്ചെറിഞ്ഞു. പിന്നെ വേറൊരു ജഡ്ജി വന്നു. എന്നെ തൂക്കിലിടണമെന്നു പറഞ്ഞില്ലെങ്കിലും ജമ്യമനുവദിച്ചില്ല. പിന്നെ മൂന്നാമതൊരു ജഡ്ജി വന്നു. ഞാൻ ജയിലിലായിട്ട് അപ്പോഴേക്കും നാലര മാസം കഴിഞ്ഞിരുന്നു. ഒരു പോംവഴി കണ്ടെത്താമെന്നു പറഞ്ഞുകൊണ്ട് നരേന്ദ്ര ഭായിയുടെ ഒരു സന്ദേശം എനിക്കു ലഭിച്ചു. പിന്നെ അക്ഷയമേത്ത എന്നൊരാളെയാണ് ജഡ്ജിയായി നിയമിച്ചത്. അദ്ദേഹം ഫയൽ നോക്കുക പോലും ചെയ്യാതെ അനുവദിച്ചു എന്ന കൽപന പാസാക്കി. അങ്ങനെ ഞങ്ങളെല്ലാം ജയിൽ വിമുക്തരായി. ❑

കവർസ്റ്റോറി

ആസാമിലെ ആദിവാസികളും മനുഷ്യാവകാശ പ്രശ്നവും

ആദിവാസി യുവതിയെ ഒരു നാട്ടുകാരൻ വലിച്ചിഴക്കുന്നു.

ആസാമിലെ തേയില തോട്ടക്കാരായ ആദിവാസികൾ നവമ്പർ 24ന്ന് നടത്തിയ പ്രകടനം കൂട്ടത്തല്ലിലും ഭീകരമായ മർദ്ദനങ്ങളിലും കലാശിക്കുകയുണ്ടായി. ഇതിന്റെ ന്യായാന്യായതകളല്ല ഇവിടെ പരിശോധിക്കുന്നത്. ജനങ്ങൾക്ക് കലി കയറിയാൽ, മാനം, മര്യാദ, മനുഷ്യാവകാശങ്ങൾ എന്നിവയൊന്നും ചിന്താവിഷയമേ ആകില്ലെന്ന് ഗുവാഹതിയിലെ സംഭവങ്ങൾ കാണിക്കുന്നു.

ആസാമിലെ തേയില തോട്ടങ്ങളിൽ ഇരുപതു ലക്ഷത്തോളം ആദിവാസികളുണ്ട്. തങ്ങൾക്ക് പട്ടികവർഗ്ഗ പദവി അനുവദിച്ചു തരണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഇവർ ഗുവാഹതിയിൽ ഒരു പ്രകടനം നടത്തിയത്. പ്രകടനക്കാരിൽ ചിലർ കടകളുടെ നേരെ കല്ലേറു നടത്തി; ഇതിൽ ക്ഷോഭിച്ച നാട്ടുകാർ ആദിവാസികളെ പൊതിരെ തല്ലി. നഗ്നരായ സ്ത്രീകളെ ഭീകരമായി മർദ്ദിക്കുന്നതിന്റെ ദൃശ്യങ്ങൾ ടെലിവിഷനിൽ കാണിക്കുകയുണ്ടായി. ആദിവാസികളുടെ ഭാഗത്തുനിന്ന് പ്രകോപനമുണ്ടായതിനെത്തുടർന്നാണ് നാട്ടുകാർ മർദ്ദനം നടത്തിയതെന്ന് വാദത്തിന്നു വേണ്ടി സമ്മതിച്ചാൽതന്നെ, നിസ്സഹായരായ സ്ത്രീകളെ തെരുവിലിട്ട് തല്ലുന്നതും അപമാനിക്കുന്നതും പൊറുക്കാവുന്ന ഒന്നല്ല.

ആദിവാസികളായ തങ്ങളെ പട്ടികവർഗ്ഗത്തിൽ പെടുത്തണമെന്നതാണ് തേയിലതോട്ടക്കാരായ ആദിവാസികളുടെ ആവശ്യം. ഇവർ മാത്രമല്ല

ഇത്തരം ആവശ്യങ്ങൾ ഉന്നയിക്കുന്നത്. രാജസ്ഥാനിലെ ഗുജ്ജാർ വംശക്കാരും ആന്ധ്രയിലെ ചില വിഭാഗങ്ങളും ഇതേ ആവശ്യം ഉന്നയിക്കുന്നുണ്ട്.

നിലവിലുള്ള പട്ടികവർഗ്ഗ ലിസ്റ്റിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നത് അത്യന്തം അപകടകരമാണ്. പട്ടിക വർഗ്ഗത്തിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതിനെ ഇപ്പോൾ പട്ടിക വർഗ്ഗത്തിൽ പെട്ടവർ എതിർക്കുമെന്ന താണ് പ്രധാന പ്രശ്നം. പട്ടിക വർഗ്ഗ ക്കാർക്ക് ഗവർമ്മേണ്ട് പല ആനുകൂല്യ ങ്ങലും നൽകുന്നുണ്ട്. പട്ടിക വർഗ്ഗ ക്കാരുടെ എണ്ണം കൂടിയാൽ, ഗവർമ്മേ ണ്ടിൽനിന്നുള്ള ആനുകൂല്യങ്ങൾ കൂടു തൽ പേരുമായി പങ്കിടേണ്ടിവരും. അതിനാൽ, ഇപ്പോൾ പട്ടികവർഗ്ഗത്തിൽ പെടാത്തവരെ പട്ടിക വർഗ്ഗത്തിൽ പെടു ത്തുന്നതിനെ പട്ടികവർഗ്ഗക്കാർ രൂക്ഷ മായി എതിർക്കും. രാജസ്ഥാനിലെ ഗുജ്ജാർ ജാതിക്കാർ, തങ്ങളെ പട്ടിക വർഗ്ഗക്കാരായി പ്രഖ്യാപിക്കണമെന്നാവ ശ്യപ്പെട്ടുകൊണ്ട് സമരം നടത്തി വരു ന്നുണ്ട്. അതിനെ ശക്തിയായി എതിർക്കുന്നത് അവിടത്തെ പട്ടികവർഗ്ഗ ക്കാരാണ്. പല സംസ്ഥാനങ്ങളിലും ഇത്തരം പ്രശ്നങ്ങൾ നീറിനീറി കിടക്കു ന്നുണ്ട്. ആസാമിലെ തേയില തോട്ട ആദിവാസികളുടെ ആവശ്യം അനുവ ദിച്ചാൽ, മറ്റു സംസ്ഥാനങ്ങളിലും ഇത്തരം ആവശ്യങ്ങൾ അനുവദിക്കേ ണ്ടിവരും. അതിന്നർത്ഥം എല്ലായി ടത്തും അതിന്നെതിരായ സമരം പൊട്ടി പ്പുറപ്പെടുമെന്നതാണ്.

തേയില തോട്ടക്കാരായ ആദിവാസി കൾ യഥാർത്ഥത്തിൽ പട്ടികവർഗ്ഗത്തിൽ പെടുന്നില്ല. ഏതെങ്കിലുമൊരു പ്രദേ ശത്തെ, വനത്തെ ആശ്രയിച്ച് ജീവിക്കു ന്ന വർഗ്ഗക്കാരെയാണ് പട്ടിക വർഗ്ഗക്കാ രായി കണക്കാക്കുന്നത്. ഉദാഹരണ ത്തിന്ന് കേരളത്തിൽ 35 കാട്ടുജാതി ക്കാരെ പട്ടിക വർഗ്ഗത്തിൽ പെടുത്തി യിട്ടുണ്ട്. ഇവരിൽ കുറെപ്പേർ ബീഹാ റിലോ ഒറീസയിലോ പോയി താമസ മാക്കിയാൽ, അവിടെ അവർക്ക് പട്ടിക വർഗ്ഗ പദവി കിട്ടില്ല.

ഒരു ആദിവാസിയെ വളഞ്ഞിട്ടു തല്ലുന്നു.

ആസാമിലെ തേയില തോട്ടത്തിലെ ആദിവാസികൾ എന്നു വിശേഷി പ്പിക്കപ്പെടുന്നവർ യഥാർത്ഥത്തിൽ ബീഹാറികളും ഝാർഖണ്ഡുകാരു മാണ്. പണ്ട് ബ്രിട്ടീഷ് ഭരണകാലത്ത് ആസാമിൽ തേയില തോട്ടങ്ങൾ വച്ചു പിടിപ്പിച്ചപ്പോൾ, അവയിൽ പണിയെടു ക്കുന്നതിന്നായി ബീഹാറിൽനിന്ന് ആട്ടി ത്തെളിച്ചു കൊണ്ടുപോയ ആദിവാസി കളാണിവർ. നൂറ്റാണ്ടുകളായി തേയി ലതോട്ടം തൊഴിലാളികളായി കഴിയുന്ന ഇവർക്ക് കാടുമായി പ്രത്യേകിച്ചൊരു ബന്ധവുമില്ല. തങ്ങളുടെ പൂർവ്വികർ ആദിവാസിരകളായിരുന്നുവെന്നതുമാത്ര മാണ് പട്ടികവർഗ്ഗ ലിസ്റ്റിൽ സ്ഥാനം കിട്ടാനുള്ള ഇവരുടെ അവകാശവാദ ത്തിന്റെ അടിസ്ഥാനം.

ഇന്ത്യയിലെ ഓരോ സംസ്ഥാന ത്തിലും പട്ടികജാതികളിൽ പെടുന്ന ജാതികൾ ഏതെല്ലാമാണെന്നും, പട്ടിക വർഗ്ഗങ്ങളിൽ പെടുന്ന ആദിവാസികൾ ഏതെല്ലാമെണെന്നും പണ്ടേ നിർണ ⇨ യിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ഇതിൽ മാറ്റം വരുത്തണമെങ്കിൽ അനുവർത്തി

മനുഷ്യാവകാശം: ഇന്ത്യയും ഇസ്രായേലും ഒരേ തൂവൽ പക്ഷികൾ

- ജവേദ് നഖ്‌വി -

ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥക്കാലത്ത് മൊറാർജി ദേശായിയെ പിടിച്ച് ജയിലിലിട്ടപ്പോൾ, അദ്ദേഹത്തെ ഒരു മനസ്സാക്ഷിത്തടവുകാരനായി ആംനസ്റ്റി ഇന്റർനാഷണൽ പ്രഖ്യാപിച്ചിരുന്നു. പിന്നീട് മൊറാർജി ദേശായി തന്നെ പ്രധാനമന്ത്രിയായി. ഒരു ദിവസം പ്രമുഖ അഭിഭാഷകനും പൊതു പ്രവർത്തകനുമായ എ.ജി. നൂറാനി ചില ആംനസ്റ്റി വളണ്ടിയർമാരോടൊപ്പം പ്രധാനമന്ത്രി മൊറാർജിയെ ചെന്നു കണ്ടു. കാശ്മീരടക്കം ഇന്ത്യയുടെ എല്ലാ ഭാഗങ്ങളും സന്ദർശിക്കുന്നതിന്ന് തങ്ങൾക്കനുമതി തരണമെന്ന് അവർ പ്രധാനമന്ത്രിയോടാവശ്യപ്പെട്ടു.

എന്താണീ ആംനസ്റ്റി ഇന്റർ നാഷനൽ? എന്നായിരുന്നു മൊറാർജി ദേശായിയുടെ ചോദ്യം. നൂറാനിയും സഹപ്രവർത്തകരും അത്ഭുതപ്പെട്ടു പോയി. ലോകത്തിന്റെ നാനാഭാഗത്തുമുള്ള തടവുകാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിന്ന് പ്രവർത്തിക്കുന്ന സംഘടനയാണിതെന്നും മറ്റും മൊറാർജി ദേശാ

ക്കേണ്ട നടപടി ക്രമങ്ങൾ ഭരണഘടനയിലുണ്ട്. പക്ഷെ നിലവിലുള്ള പട്ടികയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നത് വലിയ പ്രത്യാഘാതങ്ങൾക്കിടയാക്കും. രാജസ്ഥാനിലെ ജാട്ടുകളെ പിന്നോക്ക സമുദായം (OBC) ആയി അംഗീകരിച്ചതുമൂലം, നിലവിലുള്ള പിന്നോക്ക ജാതിക്കാരായ ഗുജ്ജാർ ജാതിക്കാർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ കുറഞ്ഞു; അതുകൊണ്ടാണ് ഗുജ്ജാർ ജാതിക്കാരിപ്പോൾ തങ്ങളെ പട്ടികവർഗ്ഗക്കാരാക്കണമെന്നു പറഞ്ഞു സമരം നടത്തുന്നത്. ഇത് ഒരു ഉദാഹരണം മാത്രം.

പക്ഷെ ഇത് പ്രശ്നത്തിന്റെ ഒരു വശം മാത്രമാണ്. ഓരോരോ ആവശ്യം ഉന്നയിച്ചുകൊണ്ട് സമരം നടത്താൻ ജനങ്ങൾക്ക് അവകാശമുണ്ട്. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾ സംഘടിതരായി ആവശ്യങ്ങൾ ഉന്നയിക്കുന്നത് അങ്ങനെയെല്ലാമാണ്. പ്രകടനക്കാരിൽ ആരെങ്കിലും എന്തെങ്കിലും തെറ്റു ചെയ്തുവെന്നതുകൊണ്ട് അവരെ കയ്യേറ്റം ചെയ്യാൻ ആർക്കും സ്വാതന്ത്ര്യമില്ല. ആരായാലും നിയമം കയ്യിലെടുത്തുകൂടാ. സംഖ്യാബലം കൂടുതലുള്ളവർ സംഖ്യാബലം കുറഞ്ഞവരെ അടിച്ചൊതുക്കുന്ന ഏർപ്പാട് ജനാധിപത്യമല്ല; അതു കാട്ടുനീതിയാണ്.

ജനങ്ങൾ ക്ഷോഭം മൂലം സമനില തെറ്റി എന്തെങ്കിലും അതിക്രമം കാണിച്ചുവെന്നുവരാം. അപ്പോൾ ഗവർമ്മേണ്ട് എന്തു ചെയ്തുവെന്നതാണ് ഗണനീയമായ കാര്യം. പോലീസിന്റേയും പത്രക്കരുടേയും ഫോട്ടോഗ്രാഫർമാരുടേയും വീഡിയോ ക്യാമറാമാന്മാരുടേയും മുന്നിൽ വച്ചാണ് ഈ അതിക്രമങ്ങളെല്ലാം നടന്നത്. അതിന്റെ ദൃശ്യങ്ങളെല്ലാം പത്രങ്ങളിലും ടെലിവിഷനിലും പ്രത്യക്ഷപ്പെടുകയും ചെയ്തു. എന്നിട്ട് ഗവർമ്മേണ്ട് എന്തുചെയ്തു? ഒന്നും ചെയ്തില്ലെന്നും, ചെയ്യില്ലെന്നുമുള്ള ധാരണ പരക്കുന്നത്. മറ്റുള്ളവരേയും അതിക്രമങ്ങൾക്ക് പ്രചോദിപ്പിക്കില്ലേ? ❑

യിക്കു വിശദീകരിച്ചുകൊടുത്തപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു: ഒരാൾക്ക് സംരക്ഷണമോ മാപ്പോ നൽകാൻ ദൈവത്തിനേ കഴിയൂ; മറ്റാർക്കും അതിന്നവകാശമില്ല.

മനുഷ്യൻ മനുഷ്യനെ പിടിച്ച് ജയിലിലടക്കുന്നത് മൊറാർജിക്ക് ഈ ന്യായവാദപ്രകാരം സ്വീകാര്യമായിരിക്കും. അദ്ദേഹം തന്നെ, ഒരു ദിവസത്തേക്കു മാത്രമാണെങ്കിലും ഇന്ദിരാഗാന്ധിയെ പിടിച്ച് ദൽഹിയിലെ തിഹാർ ജയിലിലടക്കുകയുണ്ടായി. ഈയിടെ ദൽഹിയിൽ ആംനസ്റ്റിയുടെ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരണത്തിന്നു നൽകിയ വേളയിലാണ് നൂറാനി തന്റെ ഈ പഴയ അനുഭവം വെളിപ്പെടുത്തിയത്. പാക് പ്രധാനമന്ത്രിയായിരുന്ന സുൾഫിക്കർ അലി ഭൂട്ടോവിനെ ജന: സിയ തൂക്കി കൊല്ലാൻ തീരുമാനിച്ചപ്പോൾ, ഭൂട്ടോവിനോട് ദയ കാണിക്കണമെന്ന പേക്ഷിച്ചുകൊണ്ട് ലോകനേതാക്കൻമാർ ജന: സിയക്ക് ഒരു സംയുക്താഭ്യർത്ഥന സമർപ്പിക്കുകയുണ്ടായി. ഈ അഭ്യർത്ഥനയിൽ ഒപ്പിടാൻ പ്രധാനമന്ത്രി മൊറാർജി ദേശായ് വിസമ്മതിച്ചതിന്റെ യുക്തി നൂറാനി ഇതു പറഞ്ഞപ്പോഴാണ് വ്യക്തമായത്. മൊറാർജിയുടെ ഈ ഔദാര്യത്തിനുള്ള നന്ദി പ്രകടനമായിട്ടാണ്, മറ്റൊരു മഹാദൈവ ഭക്തനായ ജന: സിയ പാക്കിസ്താന്റെ പരമോന്നത സിവിലിയൻ ബഹുമതി മൊറാർജിക്കു നൽകിയത്. പ്രശസ്ത ഇന്ത്യൻ സിനിമാ താരമായ ദിലീപ് കുമാറിന്ന് പിന്നീടൊരിക്കൽ ഇതേ ബഹുമതി നൽകിയപ്പോൾ എന്തെല്ലാം ബഹളങ്ങളാണുണ്ടായത്!

ശീതസമരകാലത്ത് ആംനസ്റ്റിയെ ഒരു പാശ്ചാത്യ ഏജൻസിയായി ചിത്രീകരിക്കുക എളുപ്പമായിരുന്നു. എന്നാൽ ഇന്ത്യ ഇപ്പോൾ പാശ്ചാത്യ ചേരിയിലാണ്. പാശ്ചാത്യ തന്ത്ര പ്രതിനിധികൾ ഇഷ്ടംപോലെ കാശ്മീരിൽ സന്ദർശനം നടത്തുന്നു. എന്നിട്ടും ആംനസ്റ്റിയെ ഇന്ത്യ തടയുന്നത് അത്ഭുതകരമാണ്. ഇത്തരം കാര്യങ്ങളിൽ ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾ കാണിക്കുന്ന അങ്കലാപ്പ് മനസ്സിലാക്കാവുന്നതേയുള്ളൂ. മനുഷ്യാവകാശ സംരക്ഷണ കാര്യത്തിൽ ആംനസ്റ്റി ഒരിക്കലും മുഖം നോക്കാറില്ല. അതുകൊണ്ടുതന്നെ ആംനസ്റ്റിയുടെ റിപ്പോർട്ടുകൾ ആർക്കും നിരാകരിക്കാനുമാകില്ല.

മുംബായിലെ കാര്യം നോക്കൂ. ഇരുനൂറു തീവണ്ടിയാത്രക്കാരുടെ മരണത്തിന്നിടയാക്കിയ സ്ഫോടന പരമ്പരയെ ആംനസ്റ്റി ശക്തിയായി അപലപിച്ചു. ഇന്ത്യക്കത് വളരെ ഇഷ്ടപ്പെടുകയും ചെയ്തു. എന്നാൽ 1993 ജനുവരിയിൽ ശിവസേനക്കാർ മുംബായ് നഗരത്തിൽ അഴിച്ചുവിട്ട അക്രമങ്ങൾക്കിരയായവരോട് നീതികാണിക്കണമെന്നും ആംനസ്റ്റി ആവശ്യപ്പെട്ടിരുന്നു. പക്ഷെ അത് ഇന്ത്യക്ക് ഇഷ്ടപ്പെട്ടില്ല. ശിവസേനക്കാർ കുറ്റക്കാരാണെന്നത് ജ: ശ്രീകൃഷ്ണ കമ്മീഷൻ തന്നെ വിധിച്ചിട്ടുണ്ട്. പക്ഷെ അതു വേറെ കാര്യം ശ്രീ കൃഷ്ണ കമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് ഗവർമ്മേണ്ട് മേൽ നടപടിയൊന്നും എടുത്തിട്ടില്ല.

ആംനസ്റ്റി പോലെയുള്ള സംഘടനകളെ പരസ്യമായോ രഹസ്യമായോ എതിർക്കുന്ന രാജ്യങ്ങളിൽ മിക്കവയും ആംനസ്റ്റിയുടെ റിപ്പോർട്ടുകളെ തങ്ങളുടെ ശത്രുക്കൾക്കെതിരായി ഉപയോഗിക്കുന്നുണ്ട്. ഇന്ത്യ

യിലെ ദണ്ഡനമുറകളെപ്പറ്റി അന്വേഷിക്കാൻ ഐക്യരാഷ്ട്ര പ്രതിനിധിക്ക് അനുമതി നൽകാത്ത ഇന്ത്യൻ വിദേശകാര്യാലയം പലപ്പോഴും പാക്കിസ്താനിലെ മനുഷ്യാവകാശ ലംഘനം സംബന്ധിച്ച ആംനസ്റ്റിയുടെ റിപ്പോർട്ട് ചൂണ്ടിക്കാട്ടാറുണ്ട്. അതുപോലെത്തന്നെയാണ് പാക്കിസ്താനും. കാശ്മീരിലെ മനുഷ്യാവകാശധ്വംസനങ്ങളെപ്പറ്റി ആംനസ്റ്റിയോ ഹ്യൂമൻ റൈറ്റ്സ് വാച്ചോ നൽകുന്ന വിവരങ്ങൾ ഒന്നും തന്നെ പാക്കിസ്താൻ പാഴാക്കാറില്ല.

വിരോധാഭാസം അതല്ല. സോവിയറ്റ് യുഗത്തിന്നു ശേഷമുള്ള കാലഘട്ടത്തിൽ ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങൾ തങ്ങളുടെ രാഷ്ട്രീയവും ധാർമ്മികവുമായ നിലപാടുകൾക്ക് ആധാരമാക്കുന്നത് അമേരിക്കയെയാണ്. ഇവരുടെ ഭീകരവിരുദ്ധയുദ്ധം കടുത്ത വിമർശനത്തിന്നു പാത്രമായിട്ടുണ്ട്. ഈ ഭീകരർ അമേരിക്കൻ സൃഷ്ടികളാണ്; അവയെ നേരിടാൻ അമേരിക്ക ഒന്നും ചെയ്യുന്നുമില്ല. ഇസ്രായേൽ അധീന പ്രദേശങ്ങളിലുള്ള പലസ്തീൻകാരോട് ഇസ്രേലികൾ ദൈനംദിനം കാണിച്ചുവരുന്ന അതിക്രമങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഒരാളെ മനസ്സിലാക്കാൻ അയാളുടെ ചങ്ങാതിയെ മനസ്സിലാക്കിയാൽ മതിയെന്നൊരു ചൊല്ലുണ്ട്. ഇന്ത്യാ ഗവർമ്മേണ്ട് ഇസ്രായേലുമായും അമേരിക്കയായും ഉണ്ടാക്കിയിട്ടുള്ള തന്ത്രപരമായ സഖ്യങ്ങൾ ഇന്ത്യയുടെ ചിന്താഗതിയെ വ്യക്തമാക്കുന്നു. കാശ്മീർ കാര്യത്തിൽ ഇന്ത്യയും ബലൂചിസ്ഥാൻ കാര്യത്തിൽ പാക്കിസ്താനും കാണിക്കുന്ന അസഹിഷ്ണുത തൽക്കാലം നമുക്കംഗീകരിക്കുക. അതോടൊപ്പം പലസ്തീനിൽ ഐറീൻ ഖാന്നുണ്ടാകുന്ന അനുഭവം ശ്രദ്ധിക്കുക.

2006 ഡിസംബർ 10ന്ന് ലോകമാകെ മനുഷ്യാവകാശദിനം ആചരിക്കുമ്പോൾ ഐറീൻ ഖാൻ വെസ്റ്റ് ബാങ്കിലെ ജചൂസിലായിരുന്നു. ആ കൊച്ചു ഗ്രാമത്തിന്റെ നടുവിലൂടെ ഉയർന്നൊരു മതിൽകെട്ടു നിർമ്മിച്ചിരിക്കുകയാണ്–വലിയൊരു ഇരുമ്പുമറ – അന്താരാഷ്ട്ര നിയമത്തിന്ന് വിരുദ്ധമാണിത്. പാലസ്തീൻകാർക്കിപ്പോൾ അവരുടെ നാരകത്തോട്ടത്തിലേക്കും ഒലീവ് തോട്ടത്തിലേക്കും കടക്കാനാവില്ല. അടുത്തകാലംവരെ സമ്പദ്സമൃദ്ധമായി കഴിഞ്ഞിരുന്ന ഗ്രാമീണർ ഇന്ന് കൊടും ദാരിദ്ര്യത്തിലാണ്. മതിലിന്നപ്പുറത്തുള്ള തോട്ടതിതിലേക്ക് പോകണമെങ്കിൽ ഇസ്രേലികളുടെ ചെക്ക് പോസ്റ്റിൽ ചെന്ന് പരിശോധനക്ക് നിന്നുകൊടുക്കണം; അവരുണ്ടാക്കുന്ന പുതിയപുതിയ നിയന്ത്രണങ്ങൾ പാലിക്കണം.

അപ്പുറത്ത് കുറെ ഇസ്രേലികൾ സ്ഥാപിച്ച പുതിയ ജൂത കോളനിയിലെ കെട്ടിടങ്ങളുടെ മേൽക്കൂരകാണാം. സമ്പദ്സമൃദ്ധമായൊരു കോളനിയാണത്. അയൽപക്കക്കാരായ പലസ്തീൻകാരുടെ ഭാവി നശിപ്പിക്കുന്ന ആ മതിൽ ജൂതർക്ക് സുരക്ഷിതത്വമുണ്ടാകുകുമോ? ഐറീൻ ഖാൻ രണ്ടു ദിവസംമുമ്പ് തെക്കൻ ഇസ്രായേലിലെ സദറോത് സന്ദർശിച്ചിരുന്നു. ചെറിയൊരു പട്ടണമാണത്. ഗാസയിലെ പലസ്തീൻകാരുടെ റോക്കറ്റാക്രമണത്തിന്നു വിധേയമാകുന്ന ഒന്നാണത്. പേടിച്ചാണ് തങ്ങളിവിടെ കഴിയുന്നതെന്ന് ഒരു ജൂത സ്ത്രീ ഐറീനോട് പറഞ്ഞു. അപ്പുറത്ത് പലസ്തീൻകാർക്കിടയിലെ സ്ഥിതി ഇതിലും കഷ്ടമാണെന്ന് അവർ തുടർന്നു പറഞ്ഞു. ❑

പഞ്ചായത്തുകളിലും വിവരാവകാശ നിയമം

– കെ. രാജശേഖരൻ –

പൊതുഭരണ സംവിധാനത്തിലെ സുതാര്യതയും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുവാൻവേണ്ടി അധികാരികളുടെ നിയന്ത്രണത്തിലുള്ള വിവരങ്ങൾ ഏതൊരു പൗരനും ലഭ്യമാകുന്നതാണ് വിവരാവകാശ നിയമത്തിന്റെ ലക്ഷ്യം. ജനാധിപത്യത്തിന്റെ പ്രവർത്തനക്ഷമതക്ക് വിവരലഭ്യതയുള്ള ജനങ്ങളും, വിവരങ്ങളുടെ സുതാര്യതയും, അഴിമതി കുറക്കാനുള്ള ശ്രമങ്ങളും, ജനങ്ങളോട് കൂറു പുലർത്തുന്ന പൊതുസ്ഥാപനങ്ങളും അനിവാര്യമാണ് എന്ന കാഴ്ചപ്പാടാണ് ഈ നിയമനിർമ്മാണത്തിനു പിന്നിലുള്ളത്.

മറ്റ് ഏതെങ്കിലും നിയമത്തിൽ വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും വകുപ്പുകൾ നിലവിലുണ്ടെങ്കിൽ ആ വകുപ്പുകൾ നിലനിൽക്കുന്നതല്ല. ഒദ്യോഗിക രഹസ്യനിയമം, ഉദ്യോഗസ്ഥരുടെ പെരുമാറ്റസംഹിത തുടങ്ങിയ നിയമങ്ങളിൽ ഉദ്യോഗസ്ഥർ ഔദ്യോഗിക വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്ന് ആവശ്യപ്പെടുന്ന വകുപ്പുകൾ ഇനി നിലനിൽക്കുകയില്ല.

ഭരണഘടനാപരമായോ, ലോകസഭയോ നിയമസഭയോ പാസ്സാക്കിയ നിയമം വഴിയോ, സർക്കാർ ഉത്തരവു വഴിയോ രൂപീകരിക്കപ്പെട്ടതോ നിലവിൽ വന്നതോ ആയ എല്ലാ അധികാരികളും നികായങ്ങളും സ്ഥാപനങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വരും.

സർക്കാർ ഓഫീസുകളും, സർക്കാർ നിയന്ത്രണത്തിലും ഉടമസ്ഥതയിലും ഉള്ള സ്ഥാപനങ്ങളും, പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും മറ്റു സ്വയംഭരണ സ്ഥാപനങ്ങളും, സർക്കാർ നേരിട്ടോ അല്ലാതെയോ ഫണ്ടു നൽകുന്ന സർക്കാതിര സംഘടനകളും, അവയുടെ അധീനത ⇨

നന്ദിഗ്രാമിലെ അടിയും ..... *(പേജ് 8 - ൽനിന്നും തുടർച്ച)*

ക്കാൻ തുടങ്ങി. നോക്കിയപ്പോൾ ജനലിൽകൂടി എന്റെ നേരെ തോക്ക് നീട്ടിപ്പിടിച്ചിരിക്കുന്നതായി കണ്ടു. അവർ ഒമ്പതുപേരുണ്ടായിരുന്നു. എന്റെ രണ്ടു പുത്രിമാരെ എന്റെ മുമ്പിൽവച്ച് അവർ ബലാത്സംഗം ചെയ്തു. അതിനു ശേഷം അവർ എന്നെയും 60 വയസ്സുള്ള ഭർതൃമാതാവിനെയും പിടിച്ച് ബലാത്സംഗം ചെയ്തു'' – ആശിന പറഞ്ഞു. അക്രമികളിൽ അഞ്ചുപേരുടെ പേർവിവരങ്ങളും അവർ നൽകി.

ഭൂമിരക്ഷാ സമിതിക്കാരുടെ വീടുകളെല്ലാം മാർക്സിസ്റ്റുകാർ തല്ലിത്തകർത്തിട്ടുണ്ട്. കണ്ണുമാത്രം പുറത്തു കാണാവുന്ന വിധം തലമൂടിക്കെട്ടിയവർ കൂട്ടംകൂട്ടമായി മോട്ടോർ സൈക്കിളുകളിൽ ചെങ്കൊടിയുമായി റോന്തുചുറ്റുന്നത് ഏതുഗ്രാമത്തിൽ ചെന്നാലും കാണാം.

''ഞങ്ങളല്ല അക്രമം തുടങ്ങിയത്; ഞങ്ങളതിനെ നേരിടുകയാണുണ്ടായത്; ഒടുവിൽ തിരിച്ചടിച്ചു'' എന്നാണ് മുഖ്യമന്ത്രി പറയുന്നത്. ഇത് മൗലികമായ ചില ചോദ്യങ്ങൾ ഉയർത്തുന്നു. ഒരു രാഷ്ട്രീയ കക്ഷിയുടെ താല്പര്യം മറ്റെല്ലാറ്റിന്നും അതീതമാണോ? എതിരാളികളെ ആയുധംകൊണ്ട് നേരിടുന്നത് അനുവദനീയമാണോ? കയ്യൂക്കുള്ളവനാണ് കാര്യക്കാരൻ എന്നു സമ്മതിക്കാമോ! ഇത്തരം പേക്കൂത്ത് തടയാൻ ആരെങ്കിലും വേണ്ടേ? ❑

യിലുള്ള വിവരങ്ങൾ നൽകാൻ ബാധ്യസ്ഥമായ 'പൊതു അധികാരികളായി' ഈ നിയമം വിവക്ഷിക്കുന്നു.

'വിവരം' എന്ന് നിയമത്തിൽ അർത്ഥമാക്കുന്നത് ഒരു പൊതു അധികാരിക്ക് ലഭിക്കാവുന്ന രേഖകൾ, പ്രമാണങ്ങൾ, കുറിപ്പുകൾ, പേപ്പറുകൾ, ഇ-മെയിലുകൾ, ഉപദേശങ്ങൾ, പത്രക്കുറിപ്പുകൾ, ഉത്തരവുകൾ, ലോഗ് ബുക്കുകൾ, കരാറുകൾ, റിപ്പോർട്ടുകൾ, സാമ്പിളുകൾ, മാതൃകകൾ തുടങ്ങിയവയും ഇലക്ട്രോണിക് രൂപത്തിലുള്ള വിവരശേഖരങ്ങളും ആണ്. പൊതു അധികാരിയുടെ നിയന്ത്രണത്തിൽ ഉള്ള മേൽപ്പറഞ്ഞ വിവരങ്ങൾ ആർക്കും പരിശോധിക്കുവാനും അറിയാനും ലഭിക്കാനും ഈ നിയമം അവകാശം നൽകുന്നു.

പൊതു അധികാരികളുടെ അധീനതയിലുള്ള പ്രമാണങ്ങളുടെയും രേഖകളുടെയും പരിശോധന, അവയുടെ കുറിപ്പടി എടുക്കൽ, സാക്ഷ്യപ്പെടുത്തിയ കോപ്പി എടുക്കൽ, ഏതു പദാർത്ഥിത്തിന്റേയും സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ എന്നിവ കൂടാതെ കംപ്യൂട്ടറിൽ ശേഖരിച്ചിട്ടുള്ള വിവരങ്ങൾ ഡിസ്ക്കുകൾ, ഫ്ളോപ്പികൾ, ടേപ്പുകൾ വീഡിയോ കാസെറ്റുകൾ മുതലായവ ഉപയോഗിച്ച് ഇലക്ട്രോണിക് രൂപത്തിൽ പകർപ്പായി ലഭിക്കാനും ഏതൊരു പൗരനും അവകാശമുണ്ടെന്ന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

രാജ്യതാൽപര്യത്തിന്നു വിരുദ്ധമായ കാര്യങ്ങൾ, കോടതി വിലക്കുള്ള കാര്യങ്ങൾ നിയമനിർമ്മാണ സഭകളുടെ അവകാശ ലംഘനമാകുന്ന വിവരങ്ങൾ, ഏതെങ്കിലും ഒരന്വേഷണ നടപടികൾ തടസ്സപ്പെടുത്തുന്ന വിവരങ്ങൾ, വ്യക്തിയുടെ ജീവനോ സുരക്ഷയോ അപകടത്തിലാക്കുന്ന ഏതെങ്കിലും വിവരങ്ങൾ മൂന്നാം കക്ഷിയുടെ മത്സര സാധ്യത കെടുത്തുന്ന വിവരങ്ങൾ, മന്ത്രിസഭാ തീരുമാനത്തിന്നു വരുന്ന കുറിപ്പുകൾ, മന്ത്രിസഭാ ചർച്ചകൾ സംബന്ധിച്ച രേഖകൾ, സ്വകാര്യതയിൽ കടന്നുകയറുന്ന വ്യക്തിപരമായ വിവരങ്ങൾ എന്നിവ പൊതു അധികാരികൾ, സാധാരണഗതിയിൽ നൽകാൻ പാടില്ല.

രഹസ്യാന്വേഷണ-സുരക്ഷ-ഇന്റലിജൻസ് കാര്യങ്ങൾ നോക്കുന്ന സ്ഥാപനങ്ങളെ അവരുടെ അന്വേഷണ വിവരങ്ങൾ നൽകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അഴിമതി ആരോപണങ്ങളെയോ മനുഷ്യാവകാശ ലംഘനങ്ങളെയോ കുറിച്ചുള്ള വിവരങ്ങളാണ് അത്തരം സ്ഥാപനങ്ങളിൽനിന്നും ആരെങ്കിലും ആവശ്യപ്പെടുന്നതെങ്കിൽ അവ നൽകാൻ ആ സ്ഥാപനങ്ങൾ ബാധ്യസ്ഥരാണ്.

പൊതു അധികാരികൾ അവയുടെ അധീനതയിലുള്ള വിവരങ്ങൾ ആയാസരഹിതമായി നല്കാൻ പാകത്തിൽ അവയുടെ റെക്കോഡുകളും രേഖകളും പട്ടികപ്പെടുത്തി ക്രമമായി അടുക്കി നമ്പരിട്ടു സൂക്ഷിക്കണമെന്നും അവ കംമ്പ്യൂട്ടറിലാക്കി നെറ്റ് വർക്കിലൂടെ ന്യായമായ കാലയളവിനുള്ളിൽ എല്ലായിടത്തും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും നിയമം അനുശാസിക്കുന്നു.

വിവരങ്ങൾ അന്വേഷിക്കുന്നവർക്ക് ലഭ്യമാക്കാൻ വേണ്ടത്ര പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ പൊതു അധികാരികളുടെ ഭരണവിഭാഗങ്ങളിലും അതിനു കീഴിലുള്ള ഓഫീസുകളിലും നിജപ്പെടുത്തണം. സബ് ഡിവിഷൻ തലത്തിൽ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും നിശ്ചയിക്കണം. അപ്പീൽ സ്വീകരിക്കുന്നതിന്ന് അതിലും ഉയർന്ന റാങ്കുള്ള മറ്റൊരു ഉദ്യോഗസ്ഥനെയും അധികാരപ്പെടുത്തണം. തദ്ദേശ ഭരണ

സ്ഥാപനങ്ങളും വിവരങ്ങൾ നൽകാൻ ഔദ്യോഗിക ചുമതലയുള്ള ഉദ്യോഗസ്ഥരെ നിശ്ചയിക്കണം.

വിവരങ്ങൾ ലഭിക്കുന്നതിനായുള്ള പൊതുജനങ്ങളുടെ അപേക്ഷകൾ സ്വീകരിക്കേണ്ടതും വിവരം നൽകേണ്ടതും പബ്ലിക് ഇൻഫർമേഷൻ ഓഫീസറാണ്. അപേക്ഷകൾ ആവശ്യമായ ഫീസ് സഹിതം പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കോ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർക്കോ സമർപ്പിക്കണം. അപേക്ഷകന് എഴുതാൻ കഴിയില്ലെങ്കിൽ അപേക്ഷ തയ്യാറാക്കാൻ ഇൻഫർമേഷൻ ഓഫീസർ സഹായിക്കണം. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ ഫീസ് നൽകേണ്ടതില്ല. അപേക്ഷയിൽ മേൽവിലാസമല്ലാതെ അപേക്ഷിക്കുവാനുള്ള കാരണമോ മറ്റു യാതൊന്നുമോ നൽകേണ്ടതില്ല. അപേക്ഷകൾ ശേഖരിച്ച് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകുന്ന ജോലിയേ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കുള്ളൂ. അദ്ദേഹത്തിനു ലഭിക്കുന്ന അപേക്ഷകൾ 5 ദിനസത്തിന്നകം ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകണം.

അപേക്ഷ ലഭിച്ച് 30 ദവസത്തിന്നകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആവശ്യപ്പെട്ട വിവരം (വ്യക്തിയുടെ ജീവനോ സുരക്ഷയെയോ ബാധിക്കുന്ന വിവരമാണെങ്കിൽ 48 മണിക്കൂറിന്നകം) നൽകണം.

വിവരം നൽകാനുള്ള അപേക്ഷ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നിഷേധിക്കുന്നുവെങ്കിൽ അതിനുള്ള കാരണവും അപ്പീൽ നൽകാനുള്ള സമയ പരിധിയും അപ്പീൽ അധികാരിയുടെ വിവരങ്ങളും അപേക്ഷകനെ അറിയിക്കേണ്ടതാണ്. സാധാരണയായി അപേക്ഷകൻ ആവശ്യപ്പെടുന്ന രൂപത്തിൽ വിവരം നൽകണം. അത് അനാവശ്യ വിഭവ വിനിയോഗത്തിനു കാരണമാകുന്നുവെങ്കിൽ ഇലക്ട്രോണിക് ഉൾപ്പെടെ ഏതെങ്കിലും രൂപത്തിൽ നൽകാം.

നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷകന് വിവരം നൽകുന്നില്ലെങ്കിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന് പരാതിയുടെ അടിസ്ഥാനത്തിൽ കാലതാമസം വരുത്തുന്നതിന്ന് ഉത്തരവാദിയായ ഓഫീസർക്ക് പിഴ ശിക്ഷ നൽകാം.

വിവരലഭ്യതക്ക് അപേക്ഷ നൽകിയിട്ടും അതു ലഭിക്കുന്നില്ലെങ്കിൽ, അക്കാര്യത്തിൽ പരാതിയുള്ള വ്യക്തിക്ക് സമീപിക്കാൻ രണ്ടു തലത്തിലുള്ള അപ്പീൽ സംവിധാനം വിഭാവനം ചെയ്തിട്ടുണ്ട്. ഒന്നാമത്തെ അപ്പീൽ നൽകേണ്ടത് അപ്പീൽ സ്വീകരിക്കുന്നതിന്നായി നിയുക്തനായ, പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥനു മുമ്പിലാണ്.

രണ്ടാമത്തെ അപ്പീൽ നൽകുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ആദ്യ അപ്പീലിലുള്ള തീരുമാനത്തിൽ തൃപ്തനല്ലെങ്കിൽ അതിന്നെതിരെ 90 ദിവസത്തിനുള്ളിൽ രണ്ടാമത്തെ അപ്പീൽ സംസ്ഥാന തലത്തിലുള്ള ഇൻഫർമേഷൻ കമ്മീഷനു നൽകണം.

വിവരാവകാശ നിയം അനുസരിച്ച് പാസ്സാക്കുന്ന ഉത്തരവുകൾ കോടതികളിൽ ചോദ്യം ചെയ്യാനാവില്ല. വിവരാവകാശ നിയമം അനുസരിച്ച് സമർപ്പിക്കുന്ന അപ്പീലുകളിലൂടെ മാത്രമെ അത്തരം ഉത്തരവുകൾ ചോദ്യം ചെയ്യാനാവൂ.

ഒരു പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷ സ്വീകരിക്കാതിരിക്കുകയോ, സ്വീകരിച്ചിട്ടും സമയത്തിനുള്ളിൽ വിവരം നൽകാതിരിക്കുകയോ ദുരുദ്ദേ

ശത്തോടെ വിവരം ലഭിക്കാനുള്ള അപേക്ഷ നിരസ്ക്കുകയോ അറിഞ്ഞു കൊണ്ട് തെറ്റായതോ, അപൂർണ്ണമായതോ, തെറ്റിധരിപ്പിക്കുന്നതോ ആയ വിവരം നൽകുന്നതോ ആയ വിവരം നൽകുകയോ ബന്ധപ്പെട്ട രേഖ നശിപ്പിക്കുകയോ ഏതെങ്കിലും വിധത്തിൽ വിവരം നൽകുന്നത് തടസ്സപ്പെടുത്തുകയോ ചെയ്താൽ ദിവസം 250 രൂപ വച്ച് ആകെ 25,000 രൂ പയിൽ കൂടാത്തത്ര പിഴ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന് നിശ്ചയിക്കാവുന്നതാണ്. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ മേൽ സർവ്വീസ് നിയമങ്ങൾ അനുസരിച്ച് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന്ന് ശുപാർശ ചെയ്യാനും സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന് അധികാരമുണ്ട്.

പൊതുജനങ്ങൾക്കു ഭരണവിവരങ്ങൾ അപ്പപ്പോൾ അറിയാനുള്ള സാധ്യത ഈ നിയമം നൽകുന്നു. അതുവഴി ഭരണതീരുമാനങ്ങളിലും നയരൂപീകരണത്തിലും ഇടപെടാൻ പൗരനുള്ള സാധ്യത വർധിക്കും. ഭരണാധികാരികൾക്ക് അഴിമതി നടത്താനുള്ള സാധ്യത ഗണ്യമായി കുറയും. ഭരണാധികാരികൾ സ്വജനപക്ഷപാതം കാട്ടുന്നത് കണ്ടെത്താൻ പൗരന് ഈ നിയമം വഴിതുറക്കും. അതിനാൽ സ്വജനപക്ഷപാതം ഭരണരംഗത്തു നിന്നും നിഷ്കാസിതമാക്കാൻ വിവരാവകാശനിയമം സഹായിയായി വർത്തിക്കും. കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ ശരിയായ പൊതുജനാഭിപ്രായം രൂപീകരിക്കാൻ ജനങ്ങൾക്കു ഈ നിയമം അവസരം നൽകും.

എല്ലാ സർക്കാർ സ്ഥാപനങ്ങളും അതിന്റെ പ്രവർത്തനങ്ങളും ചുമതലകളും കീഴ്വഴക്കങ്ങളും മറ്റും പൊതുജനങ്ങൾക്കു വ്യക്തമായി മനസ്സിലാകുംവിധം പ്രസിദ്ധപ്പെടുത്തണമെന്ന വ്യവസ്ഥ അവയുടെ ഇന്നത്തെ ഭരണപരമായ അവ്യക്തതകൾ മാറാനും അവയുടെ മാനേജ്മെന്റ്, ഫലപ്രദവും കാര്യക്ഷമവും ആകാനും സാധ്യത നൽകും. ഭരണാധികാരികളുടെ സ്വേഛാപരമായ പ്രവർത്തനങ്ങളെ ഈ നിയമം നിരുത്സാഹപ്പെടുത്തും. അതു കഴിയണമെങ്കിൽ ജനങ്ങൾ നിതാന്ത ജാഗ്രതയോടെ വിവരങ്ങൾ തേടുകയും അതിനനുസരിച്ച് പ്രവർത്തനങ്ങളിൽ ഇടപെടുകയും വേണം.

ഉദ്യോഗസ്ഥർ ഈ നിയമം അതിന്റെ അന്തസ്സത്തയ്ക്ക് അനുസരിച്ച് നടപ്പാക്കുകയും ജനങ്ങൾ അതിലെ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തുവാൻ ജാഗ്രതപുലർത്തുകയും വേണം. ഇതിമുതൽ ഉദ്യോഗസ്ഥർ ഭരണവിവരങ്ങളുടെ രഹസ്യ സൂക്ഷിപ്പുകാർ അല്ല, മറിച്ച് അവയിലേയ്ക്ക് വെളിച്ചം വീശുന്ന ദ്വാരപാലകൻമാരായിരിക്കണം. അഴിമതി കുറയ്ക്കാൻ ഭരണാധികാരികൾക്കും ജനങ്ങളുടെ സഹായികളായി വർത്തിക്കാൻ ഉദ്യോഗസ്ഥർക്കും ഈ നിയമം അവസരം നൽകുന്നുണ്ട്. ഔദ്യാഗിക സംവിധാനങ്ങളിലെ അന്തർ രഹസ്യങ്ങൾ പുറത്തു കൊണ്ടുവരാൻ ഉപയുക്തമായ ഈ നിയമത്തിന് ദോഷങ്ങൾ വളരെ കുറവും ഗുണങ്ങൾ വളരെ കൂടുതലുമാണ്.

ഈ നിയമം ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ അതിനെക്കുറിച്ച് ഉദ്യോഗസ്ഥരും ജനങ്ങളും മാധ്യമങ്ങളും സാമൂഹ്യപ്രവർത്തകരും കൃത്യമായി അറിയുകയും അതിലെ വ്യവസ്ഥകൾ ക്രമമായി നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടത്തുകയും വേണം.

വിവരം ലഭിക്കുന്നത് ജനങ്ങളുടെ നിയമ അവകാശമായി പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. ഇനി വിവരങ്ങൾ ലഭിക്കുന്നതിനുവേണ്ടി അതിന്റെ സൂക്ഷിപ്പുകാരായി ചില ആദ്യകാല യുദ്ധങ്ങൾ തുട

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

ക്കത്തിൽ ചിലർക്ക് നടത്തേണ്ടിവരും. ഈ അവകാശം എല്ലാവരേയും ബോധ്യപ്പെടുത്താനും ആ അവകാശ ലഭ്യത ഒരു സാധാരണ സംഭവമാകുന്നതിന്നും അത്തരം ആദ്യകാല യുദ്ധങ്ങൾ വഴിയൊരുക്കും. ജനങ്ങളുടെ അഭിപ്രായങ്ങളെ രൂപപ്പെടുത്തുന്നതിൽ പങ്കുവഹിക്കേണ്ട. നാട്ടിലെ വിവരദായകരായി വർത്തിക്കേണ്ട. തദ്ദേശഭരണ സാരഥികൾ ഈ നിയമ വ്യവസ്ഥകൾ തന്റെ സ്ഥാപനത്തിൽ നടപ്പാക്കാനും തന്റെ വോട്ടർമാരെ അറിയിക്കാനും മുന്നിട്ടിറങ്ങണം. വിവരാവകാശ നിയമത്തിന്റെ പ്രചാരകനാവണം ഒരു സാധാരണ പഞ്ചായത്ത് അംഗം.

പഞ്ചായത്ത് രാജ് നിയമഭേദഗതിയ്ക്കു ശേഷം കേന്ദ്രഗവർമ്മേണ്ട് നടത്തുന്ന വിപ്ലവകരമായ നിയമനിർമ്മാണമാണ് വിവരാവകാശ നിയമം. അധികാര വികേന്ദ്രീകരണ യത്നങ്ങളിലെ മറ്റൊരു പ്രകാശ ബിന്ദുവായി ഈ നിയമം പ്രശോഭിക്കും. ❑

ഒരു കൊള്ള പിടികൂടി

ഒറീസയിലെ ബൗധ ജില്ലയിലെ ബധിഗാം ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പു പദ്ധതിയുടെ പേരിൽ നടന്ന പകൽ കൊള്ള കലക്ടർ പിടികൂടി.

അല്ലാഹാബാദ് സർവ്വകലാശാലയിൽനിന്നുള്ള ഒരു സംഘം ബധിഗ്രാം ഗ്രാമത്തിലെ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ ആദ്യന്തം കൃത്രിമം നടന്നതായി കണ്ടെത്തുകയാണുണ്ടായത്. അവർ അക്കാര്യം ഒക്ടോബർ പത്താം തിയ്യതി ജില്ലാ കലക്ടർ ശാലിനി പണ്ഡിതിനെ അറിയിച്ചു.

കലക്ടർ ഒക്ടോബർ 11 ന്ന് പഞ്ചായത്തിൽ പരിശോധന നടത്തി. ബന്ധപ്പെട്ടവരെയെല്ലാം വിളിച്ചു വരുത്തി. രേഖകൾ പരിശോധിച്ചു. തൊഴിൽ ലഭിച്ചവരുടെ പട്ടിക കൃത്രിമമാണെന്നു കണ്ടു. ഈ പട്ടിക പ്രകാരം കഴിഞ്ഞ മാർച്ചിൽ പണി നടന്നിട്ടുണ്ട്; കൂലി നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്നുള്ള പണം ബാങ്കിൽ നിന്ന് വാങ്ങിയിരിക്കുന്നത്. സെപ്തംബർ 26-ന്നാണെന്നു കണ്ടെത്തി.

പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറെ കലക്ടർ ചോദ്യം ചെയ്തതോടെ കള്ളി വെളിച്ചത്തായി. ബാങ്കിൽ നിന്നു വാങ്ങിയ 10,480 രൂപ അയാൾ കലക്ടറെ ഏല്പിച്ചു. കലക്ടർ കയ്യോടെ അയാളെ സസ്പെൻഡ് ചെയ്യുകയും വിജിലൻസ് അന്വേഷണത്തിന്ന് കല്പന നൽകുകയും ചെയ്തു.

ഇത് ഒരു ഗ്രാമത്തിലെ കഥ ഒറീസയിൽ വ്യാപകമായി നടന്നു വരുന്നത് ഇതാണ്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

വരിസംഖ്യ: വാർഷികം - 50 ക., ആയുഷ്കാലം - 1000 ക.